SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം

YESUVINTE JEEVAVACHANAM

Date of Publications : 25.11.2024
RNI Reg. No. KERMAL/2012/42077

PRICE:25/- VOL.NO:12 ISSUE NO:19 NOVEMBER 2024 ANNUAL SUBSCRIPTION Rs. 100/-

## ദൈവം രക്ഷിച്ചു അധികാരത്തിലാക്കി




**വൈറ്റ് ഹൗസ് തിരിച്ചു പിടിക്കാൻ ഒരു കൊലയാളിയുടെ ബുള്ളറ്റിൽ നിന്ന് ഡൊ ണാൾഡ് ട്രംപിന്റെ ജീവൻ ദൈവം രക്ഷി ച്ചുവെന്ന് താൻ വിശ്വസിക്കുന്നു വെന്ന് സുവിശേഷ കൻ ഫ്രാങ്ക്ലിൻ ഗ്രഹാം പറഞ്ഞു. തിരഞ്ഞെടുപ്പ് രാത്രിയിൽ രാജ്യത്തോട് സം സാരിച്ച ട്രംപ് തന്നെ ദൈവിക ഇടപെടലിന്റെ സാധ്യത ഉയർത്തി മണിക്കൂറുകൾക്ക് ശേഷമാണ്, ഗ്രഹാം ഈ പരാമർശം നടത്തിയത്. ദക്ഷിണ, തെക്കു പടിഞ്ഞാ റൻ, വ്യാവസായിക കേന്ദ്രങ്ങളിലെ ശക്തമായ പ്രകടനത്തിന് നന്ദി പറഞ്ഞ് ട്രംപ് പ്രസിഡന്റ് സ്ഥാനം തിരിച്ചു പിടിച്ചു സമരിറ്റൻസ് പേഴ്സിന്റെയും ബില്ലി ഗ്രഹാം ഇവാഞ്ചലിസ്റ്റിക് അസോ സിയേഷന്റെയും പ്രസിഡന്റാണ് ഗ്ര ഹാം.

ഒരു കാരണത്താലാണ് ദൈവം എന്റെ ജീവൻ രക്ഷിച്ചതെന്ന് പലരും എന്നോട് പറഞ്ഞിട്ടുണ്ട്. ആ കാരണം നമ്മുടെ രാജ്യത്തെ രക്ഷിക്കാനും അമേരിക്കയെ മഹത്വത്തി ലേക്ക് തിരികെ കൊണ്ടുവരാനു മാണ്, ഇപ്പോൾ ഞങ്ങൾ ഒരുമിച്ച് ആ ദൗത്യം നിറവേറ്റാൻ പോകു ന്നു. ട്രംപ് തന്റെ വിജയ പ്രസംഗത്തി നിടെ പറഞ്ഞു.

അദ്ദേഹം പെൻസിൽ വാനിയയിൽ ഉണ്ടായിരുന്നപ്പോൾ, ആ ബുള്ളറ്റ് ചെവിയിലൂടെ കടന്നു പോയി, തലച്ചോറിനെ ഒരു മില്ലിമീറ്റ റോമറ്റോ നഷ്ടപ്പെട്ടു. ട്രംപിന്റെ ജീവൻ രക്ഷിച്ച ആ കൃത്യമായ നിമിഷത്തിൽ ദൈവം അദ്ദേഹത്തിന്റെ തല തിരിച്ചു വെന്ന് ഞാൻ വിശ്വസിക്കുന്നു. ഗ്രഹാം പറഞ്ഞു. അതി നാൽ ഇത് വിശദീകരിക്കാൻ മറ്റൊരു മാർഗവുമില്ല. പിന്നെ മറ്റൊരു കൊലയാളി അവനെ ഗോൾഫ് കോഴ്സിൽ കാത്തി രിക്കുന്നു. അവർക്ക് അത് നശിപ്പിക്കാൻ കഴിഞ്ഞു. ഇത് ദൈവമാണെന്ന് ഞാൻ വിശ്വസിക്കുന്നു ചോദ്യമില്ല. ദൈവം അവനെ രക്ഷിച്ചു. ഈ സ്ഥാനത്തേക്ക് കൊണ്ടുവന്നുവെന്ന് ഞാൻ കരുതുന്നു.

പെൻസിൽവാനിയയിൽ ഒരു റാലിയിൽ പ്രസംഗിക്കുന്നതിനിടെ, മേൽക്കൂരയിൽ ഇരുന്ന ഒരു തോക്കുധാരി തന്റെ ജീവിതം അവസാനിപ്പിക്കാൻ ശ്രമിച്ചപ്പോൾ, വധശ്രമത്തിൽ നിന്ന് രക്ഷപ്പെട്ട് ഏകദേശം നാല് മാസത്തിന് ശേഷമാണ് ട്രംപ് പ്രസിഡന്റ് സ്ഥാനം നേടിയത്.

## മണിപ്പൂരിൽ വീണ്ടും സംഘർഷം,

**ഇംഫാൽ:** സി. ആർ. പി. എഫുമായുള്ള ഏറ്റുമുട്ടലിൽ 11 കുക്കികൾ കൊല്ലപ്പെട്ടതോടെ മണിപ്പൂരിൽ സംഘർഷം വീണ്ടും രൂക്ഷമാകുന്നു. കഴിഞ്ഞ ഏതാനും ദിവസങ്ങളായി നിരന്തരം നടക്കുന്ന ആക്രമണങ്ങളുടെ തുടർച്ചയാണ് തിങ്കളാഴ്ചത്തെ ഏറ്റുമുട്ടൽ സംസ്ഥാനത്തെ രണ്ട് പ്രബല സമുദായങ്ങളായ കുക്കികളും മെയതേയ് വിഭാഗവും തമ്മിൽ കഴിഞ്ഞ വർഷം മേയിലാണ് ഏറ്റുമുട്ടലിന് തുടക്കമായത്. ഭൂരിപക്ഷ സമുദായമായ മെയ്തേയ് വിഭാഗത്തിന് സർക്കാർ ജോലികളിലും വിദ്യാഭ്യാസത്തിലും പട്ടിക വർഗ സംവരണം അനുവദിക്കുന്നത് പരിഗണിക്കാൻ ഹൈകോടതി മണിപ്പൂർ സർക്കാറിന് നിർദേശം നൽകിയതാണ് സംഘഷത്തിന് വഴിമരുന്നിട്ടത്. നിർദ്ദേശത്തെ എതിർക്കാൻ ഓൾ ട്രൈബൽ സ്റ്റുഡന്റ്സ് യൂനിയൻ ഓഫ് മണിപ്പൂർ 2023 മേയ് മൂന്നിന് ആഹ്വാനം ചെയ്ത ഗോത്ര ഐക്യദാർഢ്യ മാർച്ചിനോടനുബന്ധിച്ചാണ് സംഘർഷം തുടങ്ങിയത്. തുടർന്ന് വ്യാപകമായ അക്രമമാണ് സംസ്ഥാനത്ത് അരങ്ങേ റിയത്.

ഓദ്യോഗിക കണക്കുപ്രകാരം തന്നെ ഇതുവരെ 200ഓളം പേർ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടു. 4700 ലധികം വീടുകൾ അഗ്നിക്കിരയായി 254 ചർച്ചുകളും 132 ക്ഷേത്രങ്ങളും തകർക്കപ്പെട്ടു. 67000 പേർ ഭവന രഹിതരായെന്നാണ് കണക്കാക്കുന്നത്. ആക്രമണം നേരിടുന്നതിന് സർക്കാർ കർഫ്യു. ഇന്റർനെറ്റ് നിരോധനം തുടങ്ങിയ നടപടികൾ സ്വീകരിച്ചെങ്കിലും ഫലമുണ്ടായില്ല.

മെയ്തേയ് വിഭാഗത്തിന് പട്ടികവർഗ പദവി പരിഗണിക്കാനുള്ള നിർദ്ദേശം ഈ വർഷം ഫെബ്രുവരിയിൽ മണിപ്പൂർ ഹൈകോടതി പിൻവലിച്ചു. എന്നാൽ, ഇതിനകംതന്നെ സംസ്ഥാനത്തെ സ്ഥിതി നിയന്ത്രണാതീതമായിരുന്നു. കഴിഞ്ഞ ഫെബ്രുവരിയിൽ ഡ്രോണുകളും റോക്കറ്റുകളും ഉപയോഗിച്ച് ആക്രമണം നടന്നതോടെ സംഘർഷം പുതിയ തലത്തിലെത്തി. വംശീയ കലാപം അവസനിപ്പിക്കാൻ കേന്ദ്ര സർക്കാറിന്റെയോ മുഖ്യമന്ത്രി ബിരേൻ സിങ്ങിന്റെയോ ഭാഗത്തുനിന്ന് കാര്യമായ ശ്രമമുണ്ടാകാത്തത് വ്യാപക വിമർശനത്തിന് ഇടയാക്കുകയും ചെയ്തു.

## കുമ്പനാട് ബ്രദറൺ കൺവൻഷൻ

**കുമ്പനാട്:** 29 ഡിസംബർ മുതൽ 5 ജനുവരി 2025 വരെ 119-ാത് ബ്രദറൺ ജനറൽ കൺവൻഷൻ കുമ്പനാട്, കൺവൻഷൻ ഗ്രൗണ്ടിൽ നടത്തപ്പെടുന്നു. സുവിശേ ഷകൻ വി.പി. പൗലോസ് സുവിശേഷകൻ സാം. കെ. ജോൺ, എന്നിവർ ദൈവ വചനത്തിൽ നിന്ന് ചിന്ത പങ്കുവെക്കു ന്നതാണ്. കൺവൻഷൻ സമയ ക്രമം: രാവിലെ യോഗം 10 എ.എം. മുതൽ 1.30 പി.എം. വരെ, രാതി യോഗം: 6 പി.എം. മുതൽ 9. പി.എം. വരെ ഏവരെയും ദൈവ നാമത്തിൽ സ്വാഗതം ചെയ്യുന്നു.

## സത്യം മിനിസ്ട്രീസ് കണ്ണൂർ ജില്ലയിൽ നടത്തിയ പ്രവർത്തനം

സത്യം മിനിസ്ട്രീസ് മലബാറിൽ കണ്ണൂർ ജില്ലയിൽ നടത്തിയ പ്രവർത്തന റിപ്പോർട്ട് 2024 നവംബർ 4-9 വരെ 36 പരസ്യയോഗങ്ങളും 4 മിനി കൺവെൻഷനുകളും നടത്തി. Dr. C.V. Vadavana കുടുംബവും, Mathew John തിരുവല്ല P. K. Joy പെരുമ്പാവൂർ, Reji Ettimoottil, Santhosh Pambady എന്നിവർ പ്രവർത്തനത്തിന് നേതൃത്വം നടത്തി. കൂടാതെ കണ്ണൂർ ജില്ലയിലുള്ള സുവികര ന്മാരായ തോമസ് മാത്യു മണ്ഡലം, ബിനു വെള്ളോറ ജെഫ്രി ജോൺ പയ്യണൂർ K.J. എബ്രഹാം പിലാത്തറ, മനോജ്, K.O.പൂപ്പറമ്പ് എഡ്വേർഡ് ജേക്കബ്, ആലക്കോട് ബേബി ഈ നാസ് എരുതുകടവ് റിജോയ് കെ. ജോൺ തളിപറമ്പ്, ബിനോജ് കുവിയിൽ (Bro) V. J. തോമസ് ഉദയഗിരി മറ്റു പല സഭക്കുള്ളിൽ നിന്നായി അനേക സഹോദരന്മാരും സഹകരിച്ചു. നേർത്തല്ലിയിൽ നടത്തിയ കൺവെൻഷനിൽ V.V. Thomas മുൻ നിരയിൽ നിന്ന് പ്രവർത്തിച്ചു. സത്യം മിനിസ്ട്രീസിന്റെ പ്രവർത്തകർ മീൻതുള്ളി, ആലക്കോട്, തേർത്തല്ലി, കുടിയാ ന്മല, ചെറുപുഴ എന്നി 5 സഭകളിൽ ആരാധനയിൽ സംബന്ധിച്ചശേഷം മലബാറിൽ നിന്നും മടങ്ങിപ്പോയി. ഇനിയും തുടർന്ന് മലബാറിൽ പ്രവർ ത്തനങ്ങൾ തുടരുന്നതാണ്.



കണ്ണൂർ ജില്ലയിലെ പൊതുമീറ്റിംഗ് ആയ ഇരു മാസയോഗത്തിൽ (9-ാം തീയതി) സത്യം മിനിസ്ട്രീസ് അംഗങ്ങളായ Dr. C.V. Vadavana സാറും കുടുംബവും മറ്റ് സഹോദരന്മാരും പക്കെടുത്തു. മുഖ്യ പ്രഭാഷണം Dr. C.V. Vadavana യും വിവിധ ശുശ്രൂഷകൾ മറ്റും സഹോദന്മാരായ Mathew John, P. K. Joy, Santhosh Kottayam, Reji Ettimoottil എന്നിവർ നിർവഹിച്ചു. 200 ഉം സഹോദരി സഹോദരന്മാരും കുഞ്ഞുങ്ങളും പങ്കെടുത്തു. മീറ്റിംഗ് അനുഗ്രകരമായി നടന്നു.






SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

*ഡോ. സി.വി. വടവന*
(ചീഫ് എഡിറ്റർ)
*ഇ.എസ്. റെജി*
(സബ് എഡിറ്റർ)
*ഐസക്ക് സി. വടവന*
(മാനേജിംഗ് എഡിറ്റേഴ്സ്)
*ജസ്റ്റിൻ സി. വടവന*
(സർക്കുലേഷൻ മാനേജർ)

**പത്രാധിപ സമിതി**

*എ.വി. ജോൺ*
*ജിജോ അങ്കമാലി*
*ഡോ. സണ്ണി എഴുമറ്റൂർ*
*എൽസി ബേബി*

**ജീവവചനം**

*ഏറ്റവും പ്രചാരമുള്ള*
*ബ്രദറൺ വാർത്താ മാസിക*
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ
1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

**വിലാസം**

**ജീവവചനം**
**സത്യം മിനിസ്ട്രീസ്**
**തോട്ടഭാഗം പി.ഒ.**
**തിരുവല്ല - 689541**
**ഫോൺ: 9447126182**

**USA**
Sathyam Ministries Intl.
15918 Hollister St.
Houston, TX 77066
Phone: 346 660 1353,
951 751 6860
Email:
diretor@sathyamministry.org

**AUSTRALIA**
Sathyam Publications
2 Reginald Ave
Arana Hills
4054 Australia
Phone : +61 424877742
Email:
admin@sathyamministry.org

**UAE**
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed Rd, Al Zahia,
Sharjah, U.A.E.
PHONE: 971 5047 650 10

# തലക്കുറി

## ജനത്തിന്റെ അനർത്ഥം

### ബ്രദർ സി.വി. വടവന



**ബൈബിളിൽ** എസ്ഥേറിന്റെ പുസ്തകത്തിൽ ഒരിടത്തും ദൈവം എന്ന പദം കാണുവാൻ നമുക്കു കഴിയില്ലെങ്കിലും ദൈവസ്നേഹം, ന്യായവിധി തുടങ്ങിയ സ്വർഗ്ഗീയ നടപടികളാൽ ആ പുസ്തകം നിറയപ്പെട്ടിരിക്കുന്നു. ഒരു യഹൂദ സ്ത്രീ ഉന്നതമായ ഒരു സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയും 120 സംസ്ഥാനങ്ങളുടെ ചരിത്ര ഗതിതന്നെ പാടെ മാറുകയും ചെയ്യുന്നു. ഈ സ്ത്രീരത്നത്തിന്റെ വിശിഷ്ട സ്വഭാവവും ദൈവജനത്തോടുള്ള സ്നേഹവും പരിശുദ്ധാത്മാവു നമ്മെ പഠിപ്പിച്ചെങ്കിൽ നന്നായിരുന്നു.

"എന്റെ ജനത്തിനു വരുന്ന അനർത്ഥം കണ്ടു ഞാൻ എങ്ങനെ സഹിക്കും?" എന്നു ആത്മഭാരത്തോടെ എസ്ഥേർ നിലവിളിച്ചു. എന്തെങ്കിലും ഒന്നു ചെയ്തേ മതിയാകൂ. ഒരു വിശ്വാസിയെ അഭിമുഖീകരിക്കുന്ന ഏറ്റവും ശോചനീയ മണിക്കൂർ, തന്റെ സ്നേഹിതന്മാരിൽ ആരെയെങ്കിലും മണ്ണിൽ മറവു ചെയ്കയും, ആ വ്യക്തി എന്നേക്കുമായി നരകത്തിലേക്കു തള്ളപ്പെട്ടു എന്ന ബോധം അവന്റെ ഹൃദയത്തെ തകർക്കുകയും ചെയ്യുമ്പോഴാണ്. "എനിക്കു എന്തു ചെയ്യാൻ കഴിയും. 120 സംസ്ഥാനങ്ങളുടെ മദ്ധ്യേ ഞാൻ കേവലം ഒരു സ്ത്രീ മാത്രമല്ലേ", എന്ന് എസ്ഥേറിനു പറയാമായിരുന്നു.

രക്ഷിക്കപ്പെടാത്തവരെ നഷ്ടപ്പെട്ടവരായും, നരകത്തിനു ബന്ധിക്കപ്പെട്ടവരായും കാണുവാൻ നമുക്ക് കഴിയണം. 'നഷ്ടപ്പെട്ടവർ' എന്ന പദം ശ്രദ്ധിക്കുക. ഇതിനെക്കാൾ സങ്കടകരമായ ഒരു വാക്കു പരിശുദ്ധാത്മാവിനു രേഖപ്പെടുത്താനുണ്ടോ? ദൈവത്തിനും, കുടുംബത്തിനും, സഭയ്ക്കും, സമൂഹത്തിനും നഷ്ടപ്പെട്ടവർ!

ഇന്നത്തെ വിശ്വാസികളെ, ഈ വാക്കിൽ അന്തർലീനമായിരിക്കുന്ന വേദനയുടെയും, കണ്ണുനീരിന്റെയും, ദുരിതത്തിന്റെയും ആഴം അളക്കുവാൻ ദൈവം സഹായിച്ചെങ്കിൽ, സഭയ്ക്കു ഉണ്ടായിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ഉണർവ്വ് നമുക്കുണ്ടാകുമായിരുന്നു. നഷ്ടപ്പെട്ട ജനത്തിനു സഹായം, സ്നേഹം, ആർദ്രത, പ്രാർത്ഥന എന്നിവയാണ് ആവശ്യമായിരിക്കുന്നത്. നിങ്ങളുടെ പ്രിയപ്പെട്ടവർ രക്ഷിക്കപ്പെടുന്നതിനായി എന്തുവില കൊടുത്താലും അത് അധികമാകുകയില്ല.

നമ്മുടെ അന്തർഭാഗം തകരട്ടെ. ആർദ്രത, ദയ, മനസ്സുരുക്കം എന്നിവയാണ് നമുക്കിന്നാവശ്യം. നാം കാണുന്ന തണുത്തതും, നിർജീവവും, ആയ സഭകൾ ഈ മനോഭാവത്തിൻരെ അഭാവം കൊണ്ടാണ് ഉണ്ടായി വന്നിട്ടുള്ളത്. യിരെമ്യാവ് നിലവിളിച്ചതുപോലെ

"അയ്യോ, എന്റെ ജനത്തിന്റെ പുത്രിയുടെ നിഹതന്മാർ നിമിത്തം രാവും പകലും കരയേണ്ടതിനു എന്റെ കണ്ണ്, കണ്ണുനീരുറവകളും എന്റെ തല വെള്ളവും ആയിരുന്നെങ്കിൽ കൊള്ളാമായിരുന്നു." (യിരെമ്യാ. 9:1) "സഹോദരന്മാരെ, അവർ രക്ഷിക്കപ്പെടേണം എന്നുതന്നെ എന്റെ ഹൃദയവാഞ്ഛയും അവർക്കുവേണ്ടി ദൈവത്തോടുള്ള യാചനയും ആകുന്നു" (റോമർ 10:1) നമ്മുടെ പ്രിയപ്പെട്ടവരെ കർത്താവു രക്ഷിക്കേണ്ടതിനായി നാം പ്രാർത്ഥനയിൽ പോരാടണം. വിശ്വാസസമൂഹം ഒന്നടങ്കം യോജിച്ചു പ്രവർത്തിക്കണം. എല്ലാ വിശ്വാസികളും ഇതിൽ ചുമൽ കൊടുത്തേ മതിയാകൂ. നാലു പേർ കൂടി ഒരുവനെ ചുമന്നു യേശുവിന്നരികെ കൊണ്ടുവന്ന രീതിയാണ് നമുക്കഭിലാഷണീയം. (മർക്കൊസ് 2:1-5)

അവിടെ സാധിച്ച ആ വിശ്വാസം പക്ഷേ ഒരാളെക്കൊണ്ടു കഴിയുമായിരുന്നില്ല. ഈ നാലു വ്യക്തികളെ ഭരിച്ചിരുന്ന ചിന്ത തങ്ങളുടെ പ്രിയപ്പെട്ടവനെ, കർത്താവിന്റെ അടുക്കൽ കൊണ്ടുവരുവാൻ കഴിഞ്ഞാൽ എല്ലാ സംഗതികളും ശരിയാകുമെന്നായിരുന്നു. അവർ പഴയ സമ്പ്രദായങ്ങളെ നിരാകരിക്കുകയും മാനുഷിക അഭിപ്രായങ്ങളെ അവഗണിക്കുകയും ചെയ്തു. ഇവിടെ ശ്രദ്ധേയമായിട്ടുള്ളത് അത് അവരുടെ വിശ്വാസം ആയിരുന്നു എന്നത്രേ. അല്ലാതെ, പക്ഷവാതക്കാരന്റെ വിശ്വാസം അല്ലായിരുന്നു. ദൈവം അവരുടെ പ്രയത്നങ്ങളെ ആദരിച്ചു. നമുക്കു നമ്മുടെ പ്രിയപ്പെട്ടവരെ കർത്താവിന്നായി സമ്പാദിക്കാം. അതാണ് നമ്മുടെ പ്രഥമവും വലുതുമായ ഉത്തരവാദിത്വം.

**ചീഫ് എഡിറ്റർ**

---

**ലേഖനം**
**ഐസക് സാമുവേൽ**

# വിജയികൾ

## ആത്മീയ മുന്നേറ്റത്തിന് ഒരു മാർഗ്ഗരേഖ



**യോസഫ് തന്റെ സഹോദരന്മാരോട് ക്ഷമിച്ചു.**

നമമുക്കെതിരെ കുറ്റം ചെയ്യുമ്പോൾ നാം വിശ്വാസത്താൽ പ്രതികരിക്കണം ആ അനുഭവത്തിലൂടെ ദൈവം സംജാതമാക്കിയ നല്ല അനുഭവത്തിനായി ദൈവത്തിനു നന്ദി പറയണം. എല്ലാറ്റിനും സ്തോത്രം ചെയ്വിൻ, ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം 1 തെസ്സ 5:18.

**ക്ഷമയും മാപ്പ് കൊടുക്കലും തമ്മിലുള്ള വ്യത്യാസം**

ക്ഷമയും മാപ്പ് കൊടുക്കലും രണ്ട് വ്യത്യസ്ത കാര്യങ്ങളാണ്. ശിക്ഷയിൽ നിന്നും ഒരു കുറ്റവാളിയെ മോചിപ്പിക്കുവാനുള്ള വ്യക്തിപരമായ ശിക്ഷയിൽ നിന്നുള്ള മോചനമാണ് മാപ്പ്. നിങ്ങൾക്ക് ഒരു കുറ്റവാളിയോട് ക്ഷമിക്കാം. ഇനി അവനെ വെറുക്കുകയോ ഉപദ്രവിക്കുവാൻ ആഗ്രഹിക്കുകയോ ചെയ്യരുത്. എന്നാൽ ഒരു വ്യക്തിക്ക് മാപ്പ് കൊടുക്കുവാനുള്ള അധികാരം നിങ്ങൾക്ക് ഇല്ലെങ്കിൽ അത് സാദ്ധ്യമല്ല. ഉദാഹരണത്തിന് ഒരു മനുഷ്യൻ നിങ്ങളുടെ കുടുംബത്തിലെ ആരെയെങ്കിലും കൊന്നാൽ അവനോട് ക്ഷമിക്കുവാനും പശ്ചാത്താപത്തിനുള്ള സഹായം ചെയ്തു കൊടുക്കാനും കഴിയും. പക്ഷെ നിങ്ങൾക്ക് അവന് മാപ്പു കൊടുക്കാൻ കഴിയില്ല. കാരണം അവൻ നിയമത്തിന്റെ മുമ്പിലും ദൈവത്തിന്റെ മുമ്പിലും കുറ്റക്കാരനായിരിക്കുന്നു. അതിനു സമാനമായ സംഭവം നിങ്ങൾ ഒരു ഉത്തരവാദപ്പെട്ട സ്ഥാനത്ത് ഇരിക്കുമ്പോൾ തെറ്റായ ഒരു പ്രവൃത്തിയെ അവഗണിക്കുക എന്നത് നിങ്ങളുടെ ഉത്തരവാദിത്വമല്ല . ഏത് സാഹചര്യത്തിലും നീതിക്കായി നിങ്ങൾക്ക് ദൈവത്തിൽ ആശ്രയിക്കാം. ആർക്കും തിന്മക്കു പകരം തിന്മ ചെയ്യാതെ സകല മനുഷ്യരുടെയും മുമ്പിൽ യോഗ്യമായത് മുൻ കരുതുക. നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ പ്രതികാരം എനിക്കുള്ളത് ഞാൻ പകരം ചെയ്യുമെന്ന് കർത്താവ് അരുളിച്ചെയ്യുന്നു. റോമർ 12: 17-19 കുറ്റവാളികൾക്ക് നീതി നടപ്പിലാക്കുന്നതിനായി ദൈവം അധികാരഘടനയിലൂടെ പ്രവർത്തിക്കുന്നു. (കുടുംബം, ദൈവാലയം, തൊഴിൽ, സർക്കാർ) കാലാവസാനത്തിലാകട്ടെ അന്ത്യന്യായവിധിയിലൂടെ ദൈവം പ്രവർത്തിക്കുന്നു. മത്തായി 18:6-7

**നിങ്ങൾക്കെതിരെ കുറ്റം ചെയ്തവരോട് മനഃപൂർവ്വം ക്ഷമിക്കുക.**

ക്ഷമയുടെ ഒരു പ്രധാന വരം എന്നത് ഉചിതമായ സമയങ്ങളിൽ കുറ്റവാളിയുടെ ജീവിതത്തിൽ ചില കാര്യങ്ങൾ സമാഹരിക്കുക എന്നതാണ്. യേശു പറഞ്ഞു. നിങ്ങളുടെ സമ്പത്ത് ഇരിക്കുന്നിടത്ത് നിങ്ങളുടെ ഹൃദയം ഇരിക്കും മത്തായി 6:21. പ്രതിയോഗിക്ക് മനഃപൂർവ്വമായി സേവനം ചെയ്യുമ്പോൾ ദൈവം അത്ഭുതകരമായ സ്നേഹം അവൻ ന്ലകും.

പകയ്ക്കുന്നവരെ എങ്ങനെ സ്നേഹിക്കണം എന്ന് ദൈവത്തോട് ചോദിക്കുക. പ്രാർത്ഥനയിലൂടെയോ ദൃഢനിശ്ചയത്തിലൂടെയോ സേവന പ്രവർത്തനങ്ങളിലൂടെയോ ഭൗതിക സമ്മാനങ്ങളിലൂടെയോ അവന്റെ ജീവിതത്തിൽ നിങ്ങൾക്ക് നിക്ഷേപിക്കുവാൻ കഴിയണം നിന്റെ ശത്രുവിനു വിശക്കുന്നു എങ്കിൽ അവനു തിന്നാൻ കൊടുക്കുക. ദാഹിക്കുന്നു എങ്കിൽ കുടിക്കാൻ കൊടുക്ക. അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും എന്ന് എഴുതിയിരിക്കുന്നുവല്ലോ. തിന്മയോട് തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക റോമ 12:20-21

കുറ്റം മനഃപൂർവ്വമായാലും ഇല്ലെങ്കിലും ഒരു വ്യക്തി നിങ്ങളെ വൃണപ്പെടുത്തിയതിനുശേഷം വൃണപ്പെടുത്തുംമുമ്പ് നിങ്ങൾ നല്കിയ താത്പര്യത്തെക്കാൾ കൂടുതൽ നല്കണം. അവന്റെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നതിന് നിങ്ങളുടെ കറയറ്റ സ്നേഹം അവന് ശുശ്രൂഷ ചെയ്യുവാൻ സഹായിക്കുമ്പോൾ അവൻ പക്വതയുള്ളവനാകുവാൻ ഇടയാകും. മത്തായി 25: 25-46.

കഷ്ടത ക്രിസ്തീയ ജീവിതത്തിന്റെ ഭാഗധേയം എന്ന് മനസ്സിലാക്കുക. വചനം പറയുന്നു, ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നല്കിയിരിക്കുന്നു. ഫിലി 1:29 എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും. 2 തിമൊ 3:12 സഹിക്കുന്നു എങ്കിൽ കൂടെ വാഴും 2 തിമൊ 2:12

ക്രിസ്തുവിനെ അനുഗമിക്കുന്നവനെങ്കിൽ നിങ്ങൾക്ക് കഷ്ടത്തിലും സന്തോഷിക്കുവാൻ കഴിയും. കുറ്റങ്ങൾ നിങ്ങളെ പരീക്ഷണങ്ങളുടെയും ക്ലേശങ്ങളുടെയും ക്ലാസ് മുറിയിലേക്ക് എത്തിച്ച് പക്വതയിൽ വളരുവാനും ദൈവസ്നേഹത്തെ കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും അവസരമാകും.

# സങ്കീർത്തനങ്ങൾ–77

ഡോ.സി.വി.വടവന

## ഭാഷ്യം (തുടർച്ച)

**വാ. 13** ദൈവത്തിന്റെ വഴി തിരുനിവാസത്തിലായിരുന്നു. അന്ന് ദൈവം യിസ്രായേലുമായി കൂടിക്കാഴ്ച നടത്തിയിരുന്നത് അവിടെ വെച്ചായിരുന്നു; എന്നാൽ ഇന്ന് അവൻ മറ്റൊരു വഴി നൽകിയിരിക്കുന്നു. മനുഷ്യർ ഒരു പ്രത്യേക സ്ഥലത്തു വെച്ചു മാത്രമായിരിക്കണം ദൈവത്തെ കാണേണ്ടത് എന്ന് ആവശ്യപ്പെടുന്നില്ല. എവിടെവെച്ചും മനുഷ്യർക്ക് ദൈവവുമായി ബന്ധപ്പെടുവാനും ദൈവത്തെ ആരാധിക്കുവാനും കഴിയും (യോഹ. 4:21–24; എബ്രാ. 4:14–16; 10:19–23).

ദൈവിക കാര്യങ്ങളെക്കുറിച്ച് സൗകര്യമായി ചിന്തിക്കുന്നതിനും ദൈവത്തിന്റെ വഴി ശരിയാണെന്ന് സമ്മതിക്കുന്നതിനും ആസാഫിന് ഇടയായപ്പോൾ തന്റെ ദൈവത്തെപ്പോലെ മതിയായ ദൈവം വേറെ ഇല്ല എന്ന് സാക്ഷ്യം പറവാൻ അവൻ മുതിർന്നു.

**വാ. 14–15** ദൈവം ചെയ്ത അത്ഭുതങ്ങളെ ഒന്നൊഴിയാതെ ആസാഫ് ഓർക്കയും ചെങ്കടലിലും സീനായിലും ദൈവം വെളിപ്പെട്ട രംഗങ്ങളെ വിളിച്ച് പറകയും ചെയ്യുന്നു. സമുദ്രത്തിൽകൂടി ഉണങ്ങിയ പാതയെ ഉളവാക്കുവാൻ കഴിവുള്ള ദൈവം തന്റെ ജനത്തെ മോശെയുടെയും അഹരോന്റെയും നേതൃത്വത്തിൽ എങ്ങനെ നടത്തിയെന്നുള്ള ചരിത്രത്തിലെ മായാത്ത സംഭവങ്ങളെ ആസാഫ് വിളിച്ചു പറഞ്ഞുകൊണ്ട് എല്ലാ സ്തോത്രവും അത്യുന്നതനായവന് കരേറ്റുന്നു. ഇതുപോലെ എല്ലാക്കാലത്തും ഉള്ള ദൈവമക്കൾ പൂർവ്വകാലത്തെ മഹാസംഭവങ്ങളെ വകയിരുത്തി പഠിക്കുന്ന പക്ഷം തങ്ങൾക്ക് നേരിടുന്ന എല്ലാ പരീക്ഷകളിലും ദൈവത്തിന്റെ തെറ്റിപ്പോകാത്ത കൈകൾ തങ്ങളെ താങ്ങുന്നതുകണ്ട് മനസ്സിലാക്കുവാൻ ദൈവം അവരെക്കുറിച്ച് ആഗ്രഹിക്കുന്നു.

ആസാഫ് ദൈവത്തിന്റെ മഹത്വം മനസ്സിലാക്കി. ദൈവത്തിന്റെ ബലം ജാതികളോടുള്ള ബന്ധത്തിൽ വെളിപ്പെടുത്തിയതിനാൽ നമ്മുടെ ദൈവത്തെപ്പോലെ വലിയദൈവം ആരുള്ളൂ എന്നവൻ പറയുന്നു. തൃക്കൈകൊണ്ട് 'യാക്കോബിനേയും യോസേഫിന്റെ മക്കളെ'യും ദൈവം വീണ്ടെടുത്തിരിക്കുന്നു. യിസ്രായേൽ മക്കളെ മുഴുവനും 'യാക്കോബിന്റേയും യോസേഫിന്റേയും മക്കൾ' എന്ന പ്രയോഗം സൂചിപ്പിക്കുന്നു.

യിസ്രായേലിന്റെ പൂർവ്വചരിത്രത്തെപ്പറ്റി ചിന്തിച്ചപ്പോഴാണ് യഹോവ അത്ഭുതം പ്രവർത്തിക്കുന്ന ദൈവമാണെന്നു കവി ഏറ്റു പറയുന്നത്. എക്സ്പൊസിറ്റർ എന്ന മാസികയിൽ സർ. എ. സിംപ്സൺ ദഹിപ്പിച്ചാലും നശിക്കാത്ത ജനം എന്ന ശീർഷകത്തിൽ ഒരു ലേഖനമെഴുതിയിരുന്നു. അതിൽ മഹാനായിരുന്ന ഫ്രഡറിക് രാജാവിനെക്കുറിച്ച് ഒരു കഥ പറഞ്ഞിട്ടുണ്ട്. രാജാവ് തന്റെ ജനറൽമാരുമായി നർമ്മ സംഭാഷണം നടത്തിക്കൊണ്ടിരുന്നപ്പോൾ ദൈവഭക്തനെന്നും വേദവിജ്ഞാനിയെന്നും ശ്രുതിപ്പെട്ടിരുന്ന ഒരു ജനറലിനോട്; "ബൈബിൾ സത്യമാണെന്ന് തെളിയിക്കുന്നതിനുള്ള നിങ്ങളുടെ ന്യായവാദം ഒരു വാക്കിൽ പറയാമോ എന്ന് ചോദിച്ചു. രാജാവിന്റെ ചോദ്യത്തിന് ജ്ഞാനിയായ ജനറൽ ഒറ്റവാക്കിൽ പറഞ്ഞ മറുപടി 'യൂദന്മാർ' എന്നായിരുന്നു.

ആസാഫിനെപ്പോലെ പൗലൊസും തന്റെ ജനത്തിന്റെ പൂർവ്വാവലോകനം നടത്തി. അവരുടെ ലംഘനവും നഷ്ടവും ലോകത്തിന് ധനവും ജാതികൾക്ക് രക്ഷയും വരുവാൻ കാരണമായി. എങ്കിൽ അവരുടെ യഥാസ്ഥാനം എത്രയധികം പ്രയോജനപ്രദമാകുമെന്ന് ചോദിക്കുന്നു. ലണ്ടനിലെ ഹൈഡ്പാർക്കിൽ നിന്നൊരു പ്രഭാഷകൻ 'ഈ യൂദന്മാർ അവരുടെ വേദപുസ്തകത്തെ ആശ്രയിക്കാതെ വാളിനെ ആശ്രയിച്ചിരുന്നെങ്കിൽ, റോമൻ മേൽക്കോയ്മ അവർക്ക് നിഷ്പ്രയാസം നിഷ്കാസനം ചെയ്യാമായിരുന്നു.' എന്നഭിപ്രായപ്പെട്ടു. അപ്പോൾ ശ്രോതാക്കളിലൊരാൾ 'എന്നാൽ ഇന്ന് റോമക്കാർ എവിടെ' എന്ന് ചോദിച്ചു. അതിന് സദസ്യരുടെ മറുപടി: 'ഒരിടത്തും ഇല്ല' എന്നും 'എന്നാൽ ഇന്ന് യെഹൂദന്മാർ എവിടെ' എന്ന ചോദ്യത്തിന് 'ലോകത്തിൽ എല്ലായിടത്തും' എന്നുമായിരുന്നു. യിസ്രായേൽ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനമാണെന്നുള്ളതാണ് ആ ജാതിയുടെ അനശ്വരതാ രഹസ്യം. 1862–ൽ ലണ്ടനിൽ നടത്തിയൊരു പ്രദർശനത്തിന് യൂദന്മാരുടെ ബൂത്തിന്റെ മുൻവശത്ത് തൂക്കിയിരുന്ന മുദ്രാവാക്യം 'ഞങ്ങൾ ആയിരുന്നു. ഞങ്ങൾ ഇനിയും ആകും' എന്ന് അർത്ഥമുള്ള രണ്ട് ലത്തീൻ പദങ്ങൾ മാത്രമായിരുന്നു. അതിൽ അവരുടെ പൂർവ്വചരിത്രവും ഭാവിപ്രത്യാശയും അടങ്ങിയിരുന്നു.

10 മുതൽ 15 വരെയുള്ള വാക്യങ്ങളിൽ മിസ്രയീമിൽ നിന്ന് തന്റെ ജനത്തെ വീണ്ടെടുത്തതിൽ പ്രദർശിപ്പിച്ച ദൈവസ്വഭാവത്തെ തിരിഞ്ഞ് നോക്കുകയാണ്.

**വാ. 16** 'അടിയങ്ങൾ വിടകൊള്ളുന്നു' എന്ന് പറഞ്ഞുകൊണ്ട് മിന്നൽപ്പിണരുകൾ ദൈവകല്പനയുടെ മുമ്പിൽ ആളുകളെപ്പോലെ ഞെട്ടി വിറയ്ക്കുന്നതായി ഇയ്യോബ് 38:35 ൽ രേഖപ്പെടുത്തിയിരിക്കുന്നു. അപ്രകാരം വെള്ളങ്ങൾക്ക് ആളത്വം കല്പിച്ചുകൊണ്ട് അവ ദൈവത്തെ കണ്ടു എന്നാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ചെങ്കടലിലെ വെള്ളം ദൈവകല്പനയനുസരിച്ച് വേർപിരിയുകയും ഇടത്തും വലത്തും മതിലായി നില്ക്കുകയും ചെയ്ത മഹാസംഭവത്തെ ഇവിടെ വിവരിക്കുന്നു.

**വാ. 17–18** എന്നാൽ ചെങ്കടലിൽ നടന്നതിനേക്കാൾ കൂടുതൽ സംഭവങ്ങൾ ഇവിടെ പ്രസ്താവിക്കപ്പെടുന്നു. മേഘങ്ങൾ വെള്ളം ചൊരിഞ്ഞു; ആകാശം നാദം മുഴക്കി; നിന്റെ അസ്ത്രങ്ങൾ പരക്കെ പറന്നു, എന്നീ കാര്യങ്ങൾ ഭാവിയിൽ നടക്കുവാൻ പോകുന്ന കാര്യങ്ങളാണ്. അന്ന് ആകാശവും ഭൂമിയും ഇളകുകയും രാജ്യങ്ങളുടെ സിംഹാസനങ്ങൾ മറിച്ചിടപ്പെടുകയും ചെയ്യും.

ഇടിമുഴക്കവും മിന്നലും ഉണ്ടാകുന്ന തോടുകൂടി ഭൂമി കുലുങ്ങി നടുങ്ങുന്നതിനെപ്പറ്റി നാം പുതിയ നിയമത്തിലും വായിക്കുന്നു. "അവന്റെ ശബ്ദം അന്ന് ഭൂമിയെ ഇളക്കി എന്നാൽ ഞാൻ ഇനി ഒരിക്കൽ ഭൂമിയെ മാത്രമല്ല, ആകാശത്തെയും ഇളക്കും എന്ന് അവൻ വാഗ്ദത്തം ചെയ്തത് (എബ്രാ. 12:26) ഭാവിയിൽ നടക്കുവാനുള്ളതത്രേ. അതിനെപ്പറ്റി ലേഖകൻ" "ഇനി ഒരിക്കൽ" എന്നത്" ഇളക്കമില്ലാത്തത് നിലനില്ക്കേണ്ടതിന് നിർമ്മിതമായ ഇളക്കമുള്ളതിന് മാറ്റം വരും എന്ന് സൂചിപ്പിക്കുന്നു" (എബ്രാ. 12:27) എന്ന് വ്യാഖ്യാനിക്കുന്നു.

---

# മോവാബ്യ സ്ത്രീയായ രുത്തും,രാഹാബ് എന്ന വേശ്യയും.......!

## ലേഖനം



എൽസി ബേബി



**പര**മാധികാരിയായ ദൈവം ആദിയിൽ ആകാശവും, ഭൂമിയും അതിലുള്ള സകല ചരാചരങ്ങളെയും സൃഷ്ടിച്ചത് അതിൽ വാഴുവാനും, മനുഷ്യൻ വർധിച്ചു പെരുകി നിലത്തു അവരുമായി സ്നേഹം പങ്കിടുവാനും അവരാൽ ആരാധിക്കപെടുവാനും, ഭൂമിയിൽ സ്വർഗം സൃഷ്ടിച്ചു. അവരോടൊപ്പം വാഴുവാനുമായിട്ടായിരുന്നെല്ലോ. എന്നാൽ ദൈവം തന്റെ സ്വരൂപത്തിലും, രൂപസാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യൻ ദൈവകല്പന ലംഘിച്ചു പാപം ചെയ്ത് പാപികളായി ദൈവതേജസ്സു നഷ്ടപെട്ടവരായി ദൈവത്തിൽ നിന്നും അകന്നു പോയെ ങ്കിലും ദൈവം അവരെ കൈവിട്ടില്ല. താൻ ഏതു ഉദ്ദേശത്തോടെ ഈ ഭൂമണ്ഡലത്തെയും, മനുഷ്യരെയും സൃഷ്ടിച്ചുവോ ആ ഉദ്ദേശം നിവർത്തിയാകപ്പെടുവാൻ ചെയ്ത പ്രവർത്തികളാണ് തിരുവചനത്തിലെ ആകെ തുക.

പരമാധികാരിയും, സർവ്വത്തിന്ടെയും അധിപതിയുമായ ദൈവം ചെയ്ത അത്ഭുത ശക്തികൾ വിവരിക്കുന്ന കുടുംബങ്ങൾ, സമൂഹങ്ങൾ, രാജ്യങ്ങൾ, രാജാക്കന്മാർ, പുരോഹിതന്മാർ, പ്രവാചകന്മാർ, ന്യായാധിപന്മാർ, നേതാക്കൾ എന്നിവരെകൊണ്ട് നിറഞ്ഞ ഈ ഭൂമിയിലെ പല സംഭവങ്ങളും വിരൽ ചൂണ്ടുന്നത് മനോഹരമായ ഒരു നിത്യ സൗഭാഗ്യ ജീവിതത്തിലേക്കുള്ള ചൂണ്ടുപലകയാകുന്നു.മനുഷ്യ ബുദ്ധിക്കോ,വിചാരങ്ങൾക്കോ, പ്രവർത്തികൾക്കോ മനസ്സിലാക്കാൻ കഴിയാത്ത പല സംഭവങ്ങളും, ചരിത്രങ്ങളും തിരുവചനത്തിലുണ്ട്. അവയിൽ ഒരു സംഭവമാണ് ഈ ലേഖാനോദ്ദേശം...!

ദൈവത്താൽവെറുക്കപ്പെട്ട ശാപഗ്രസ്തമായ രണ്ടു രാജ്യങ്ങളാണ് മോവാബും ,യെരിഹോവും. പാപങ്ങളാലും, അധർമ്മങ്ങളാലും, ഊഹ വിഗ്രഹങ്ങളാലും മിഥ്യാ മൂർത്തികളാലും നിറഞ്ഞ രണ്ടു രാജ്യങ്ങളും, അവിടുത്തെ ജനങ്ങളും....! ജീവനില്ലാത്ത ഊഹ വിഗ്രഹങ്ങളെ സേവിച്ചു ദൈവ ഭയമില്ലാതെ അകൃത്യങ്ങളും, പാപങ്ങളും ചെയ്തു ജീവിക്കുന്ന ജനങ്ങൾ! മോവാബിയരെക്കുറിച്ചു അവർ ദൈവത്തിന്റെ സഭയിൽ ഒരുനാളും പ്രവേശിക്കരുതെന്നു ദൈവം കല്പിച്ചിട്ടുള്ള ഒരു ജാതിയായിരുന്നു.

അങ്ങനെ ദൈവത്താൽ വെറുക്കപ്പെട്ട മോവാബിൽ ജനിച്ചുവളർന്ന രൂത്ത് എന്ന യുവതി യിസ്രായേലിൽ ബേത്ലെഹെമിൽ എങ്ങനെ എത്തി എന്ന ചരിത്രം നമ്മുക്ക് രൂത്തിന്റെ പുസ്തകത്തിൽ കാണാം. അതിനു മുഖാന്തിരമായി തീർന്നത് യിസ്രായേലിൽ ക്ഷാമം രൂക്ഷമായപ്പോൾ ഉപജീവനാർത്ഥം ബേത്ലെഹെമിൽ നിന്നും ഒരു യെഹൂദാ കുടുംബം മോവാബിലേക്കിറങ്ങി പോവുകയും പത്തുവർഷം മോവാബിൽ ജീവിച്ചതിന്റെ ഫലമായി അവരുടെ ഒരു മകൻ മോവാബ്യയാ സ്ത്രീയായ രൂത്തിനെ വിവാഹം ചെയ്ത് അവരുടെ കുടുംബത്തിൽ വന്നപ്പോൾ അവൾ യിസ്രായേലിന്റെ ദൈവമായ ജീവനുള്ള യഹോവയെകുറിച്ചു അറിയുകയും, തങ്ങൾ ആശ്രയിച്ചും, സേവിച്ചും പോന്നതായ ജീവനില്ലാത്ത ഊമവിഗ്രഹങ്ങളേക്കാൾ ആശ്രയിപ്പാൻ യോഗ്യനാണെന്നു വിശ്വസിക്കുകയും, ആശ്രയിക്കുകയും ചെയ്ത തിന്റെ ഫലമായി അവളുടെ ഭർത്താവും, അമ്മായിയപ്പനും മറ്റും മരിച്ചു. അമ്മായിയമ്മയായ നവോമിയോടൊപ്പം ബേത്ലെഹെമിലേക്കു പോകുവാൻ തീരുമാനമെടുക്കുകയും, പല തടസ്സങ്ങളുണ്ടായിട്ടും ഒരു മടിയും കൂടാതെ തന്റെ മാതാപിതാക്കളെയും, ഊമ വിഗ്രഹങ്ങളെയും ഉപേക്ഷിച്ചു ബേത്ലെഹെമിൽ ഒരു വിധവയായി ഒഴിഞ്ഞ കൈകളുമായി എത്തി എന്നത് യാദൃശ്ചികമായി തോന്നിയേക്കാം. എന്നാൽ രൂത്ത് വിശ്വസിച്ചതും, ആശ്രയിച്ചതും നവോമിയെയോ, അവളുടെ വീട്ടുകാരെയോ ആയിരുന്നില്ല.

# കർത്തൃ ശുശ്രൂഷയിൽ ജോർജ് പീറ്റർ തന്റെ അനുഭവം പങ്കുവെക്കുന്നു



*'പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിന് സ്തോത്രം'*(2 കൊരി 9:15)
കർത്താവിൽ പ്രിയ.....സത്യം പബ്ലിക്കേഷൻ
ക്രിസ്തുയേശുവിൽ സ്നേഹവന്ദനം

## അല്പം ചരിത്രം

പാമ്പാകുടയിൽ (എറണാകുളം ജില്ല) പൂർവ്വിക യാക്കോബായ കുടുംബമായ പുത്തൻപുരയ്ക്കൽ വീട്ടിൽ പി. എ. പീറ്റർ ഏലീയമ്മ പീറ്റർ ദമ്പതികളുടെ മകനായി 1941 ൽ ജനിച്ചു. പിതാവ് രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു എന്ന ഏക കാരണത്താൽ സമുദായ ഭക്തരുടെ പീഡനത്താൽ കഷ്ടവും നഷ്ടവും സഹിച്ച് നാടും വീടും ഉപേക്ഷിക്കേണ്ടിവന്നു. കുന്നംകുളം, പുതുപ്പാടി, സുൽത്താൻ ബത്തേരി, ഗൂഡല്ലൂർ എന്നി സ്ഥലങ്ങളിൽ മാറിമാറി താമസിച്ച് കർത്തൃശുശ്രൂഷകൾ ചെയ്തുപോന്നു. ഗൂഡല്ലൂരിൽ സഭാകൂടിവരവ് ആരംഭിച്ച ശേഷം വീണ്ടും ബത്തേരിയിലേക്ക് വന്നു. ഗൂഡല്ലൂരിൽ വെച്ചാണ് ഞാൻ രക്ഷിക്കപ്പെട്ട് സ്നാപ്പെട്ടത്. ബത്തേരിയിലെ പ്രവർത്തന ഫലമായി സഭാകൂടിവരവ് ആരംഭിച്ചു. അതിൽ ഒരു പങ്കുവഹിപ്പാൻ കർത്താവ് എനിക്കും ഭാഗ്യം നൽകി.

കർത്താവ് തന്റെ വേലയ്ക്കുവേണ്ടി എന്നെ വിളിച്ചുവെന്ന് പൂർണ്ണനിശ്ചയം ഉണ്ടായപ്പോൾ തൊഴിൽവിട്ട് 24-ാം വയസിൽ സുവിശേഷ വേലയ്ക്കായി വേർതിരിഞ്ഞു. രണ്ടുവർഷം എന്റെ നിജപുത്രനുമൊന്നിച്ച് വയനാടൻ മലമടക്കുകളിൽ സുവിശേഷ സന്ദേശം അറിയിച്ചു. പരിശുദ്ധാത്മാവ് തന്ന പ്രേരണയാലും സുവിശേഷം അറിയപ്പെടാത്തതായ പാലക്കാട് ജില്ലയിലെ കൊല്ലക്കോട് 1967 ലും മുതൽ ചിറ്റൂർ പട്ടണത്തിലും കുടുംബമായി താമസിച്ച് പ്രവർത്തിച്ചു പോന്നു. അട്ടപ്പാടി മുതൽ നെല്ലിയാമ്പതി വരെയുള്ള പട്ടണങ്ങളിലും ഗ്രാമങ്ങളിലും സുവിശേഷ ക്യാമ്പുകൾ നടത്തി പ്രവർത്തിച്ചുകൊണ്ടിരിന്നു. അട്ടപ്പാടി, കൊഴിഞ്ഞാമ്പാറ, ചിറ്റൂർ എന്നീ സ്ഥലങ്ങളിൽ സഭാകൂടിവരവുകൾക്ക് തുടക്കം കുറിച്ചു. ക്യാമ്പുകൾ നടന്ന പലസ്ഥലങ്ങളിലും സുവിശേഷകന്മാർ വന്ന് പ്രവർത്തിച്ചതിന്റെ ഫലമായി സഭാകൂടിവരവുകരൾ തുടങ്ങി.

സ്വദേശത്തും വിദേശത്തും ശുശ്രൂഷകൾക്കുള്ള അവസരം ലഭിച്ചു. 20 വർഷം മധുര ബൈബിൾ സ്കൂളിലും മറ്റു പല ബൈബിൾ സ്കൂളുകളിലും വചനം പഠിപ്പിക്കുവാൻ കർത്താവ് കൃപ തന്നു. നമ്മുടെ മദ്ധ്യേ പ്രവർത്തിച്ചു വരുന്ന Y.M.E.F., S.B.S തുടങ്ങി മറ്റുപല പ്രസ്ഥാനങ്ങളിലും പ്രവർത്തിച്ചു കൊണ്ടി രുന്നു. ചില വർഷങ്ങളായി മലബാർ മെസെഞ്ചർ എന്ന മാസികയുടെ ചീഫ് എഡിറ്ററായും തുടരുന്നു.

എന്റെ സഹധർമ്മണി റോസമ്മജോർജ്ജ് എനിക്കും സുവിശേഷത്തിനും തുണയായിരുന്നു. 2003ൽ താൻ പ്രിയംവെച്ച് സേവിച്ച് പോന്ന കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. മക്കൾ 2 പേർ. മൂത്തമകൻ സജി 8 വർഷത്തോളമായി കുടുംബമായി കർത്താവിന്റെ വേലയിൽ തുടരുന്നു. രണ്ടാമത്തെ മകൻ ബിജുവിന് 2005 ൽ ഉണ്ടായ കാറപകടം ഗുരുതരമായിരുന്നു. 2 വർഷത്തോളം ചികിത്സയിൽ തുടർന്നു. "മരണത്തിൽ നിന്നുള്ള നീക്ക്പോക്ക് യഹോവക്കുള്ളതല്ലോ" ബിജു കുടുംബമായി അബുദാബിയിൽ താമസിക്കുന്നു.

ഹൈന്ദവർ തിങ്ങിപ്പാർക്കുന്ന ചിറ്റൂർ പ്രദേശത്തുനിന്ന് അനേകർ രക്ഷിക്കപ്പെട്ടു. എങ്കിലും 77 പേരാണ് പല മതങ്ങളിൽ നിന്നും സ്നാനപ്പെട്ടത്. ചിറ്റൂർ സഭയിൽ നിന്നും 3 പേർ പൂർണ്ണസമയം കർത്താവിന്റെ വേലയ്ക്കായി വേർതിരിഞ്ഞു. അതിൽ പൗലോസ് ടി. ഞാളിയത്ത് തന്റെ വേലതികച്ച് കർത്തൃസന്നിധിയൽ ചേർക്കപ്പെട്ടു. എന്റെ ഈ മരുപ്രയാണത്തിൽ 9 പുസ്തകങ്ങളും 60 തോളം കവിതകളും 8 ലഘുലേഖകളും 200 റോളം ഗാനങ്ങളും എഴുതി പ്രസിദ്ധീകരിക്കുവാൻ കർത്താവ് കൃപതന്നു സ്തോത്ര!

സ്വദേശത്തുനിന്നും വിദേശത്തുനിന്നും ക്രൈസ്തവർ സഭവ്യത്യാസമെന്യേ പുരസ്ക്കാരങ്ങൾ നൽകീ ആദരിച്ചു. ആ പ്രസ്ഥനങ്ങൾക്ക് നന്ദിരേഖപ്പെടുത്തുന്നു. എന്റെ വിശ്വാസ ജീവിത പടകിൽ ശക്തമായ കാറ്റും തിരമാലകളും ആഞ്ഞടിച്ചു. പടകു മുങ്ങുമോ എന്ന് ഭയപ്പെട്ടിട്ടുണ്ട്. അപ്പോഴൊക്കെ എനിക്കുവേണ്ടി കഷ്ടം സഹിച്ച കർത്താവിനെ ഹൃദയത്തിൽ ധ്യാനിച്ച് പാടിയ പാട്ടുകളിലൊന്നാണ് "വിശ്വാസ ജീവിതപടകിൽ ഞാൻ' എന്ന ഗാനം.

















സത്യം മിനിസ്ട്രിസ് കലണ്ടർ



# പ്രത്യാശ തീരത്ത്

### ബ്രദർ ജെയിംസ് സാമുവേൽ



**പൂനെ:**ബ്രദർ ജെയിംസ് സാമു വേൽ (സണ്ണി) 46 വയസ്സ് ഒക്ടോബർ 29 നു കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതൻ താനാട്ടു കുടി കുടുംബാംഗവും, ബ്രദർ. പി. സാമു വേൽ, സിസ്റ്റർ റോസി സാമുവേൽ (തങ്കമണി) എന്നിവരുടെ മകനു മാണ്. ശവസംസ്കാര ശുശ്രൂഷ നവംബർ 1 നു നടത്തി. ദീർഘ കാലം ഓൾ കേരള ബൈബിൾ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് പൂനെയിൽ സെക്രട്ടറിയായി. സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

**ഭാര്യ:** സൈറ സൂസൻ ജെയിംസ്
**മക്കൾ:** റെയ്ച്ചൽ റോസ് ജെയിംസ്




### ബ്രദർ ബെഞ്ചമിൻ കുരുവിള പീറ്റർ



**ഇരവിപേരൂർ:** ബ്രദർ ബെഞ്ചമിൻ കുരുവിള പീറ്റർ (63) **USA** ഒക്ടോബർ 26 നു കർത്തൃ സന്നി ധിയിൽ ചേർക്കപ്പെട്ടു. പാലേ ക്കല്ലോടിൽ കുരുവിള പീറ്റർ, മേരി കുരുവിള എന്നിവരുടെ മകനാണ്. നവംബർ 2 ന് ലിറ്റിൽടൺ ബൈബിൾ ചാപ്പലിൽ **(USA)** വച്ച് ശവസംസ്ക്കാര ശുശ്രൂഷ നടത്തി.

**ഭാര്യ:** ആനി പീറ്റർ (റാന്നി, വലിയപറമ്പിൽ കുടുംബാംഗം)
**മക്കൾ:** ജെന്നിഫർ പീറ്റർ, ജോനാഥൻ പീറ്റർ.




### ഇവാ. സാംസൺ മാത്യു



**അടൂർ:**അടൂർ ബ്രദറൺ സഭാംഗവും, ചുങ്കത്തറ ബ്രദറൺ മുൻസഭാംഗവുമായ ഇവാ.സാംസൺ മാത്യു നവംബർ 2നു കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. ഇവാ. എം. മത്തായിയുടെ മകനാണ്. ശവസം സ്ക്കാര ശുശ്രൂഷ നടത്തി.

### സിസ്റ്റർ റേച്ചൽ എബ്രഹാം

**കീക്കൊഴൂർ:** കീഴക്കൊഴൂർ ബ്രദർ കെ.ടി.എബ്രഹാം (കുഞ്ഞപ്പൻ) ന്റെ ഭാര്യ സിസ്റ്റർ റേച്ചൽ എബ്രഹാം (ലില്ലി-89) നവംബർ 15ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

**മക്കൾ:** സിസ്റ്റർ നിസ്സി & ബ്രദർ പ്രമോദ്, സിസ്റ്റർ ആനി & ബ്രദർ ഫിലിപ്പ്.

### സിസ്റ്റർ റേച്ചൽ എബ്രഹാം



**എറണാകുളം:** പാലാരിവട്ടം ബ്രദറൺ സഭാംഗവും, ദുർഗ്ഗിലെ ഭി ലായി ബ്രദറൺ സഭാംഗവു മായ ബ്രദർ. ടി. ഒ ജോണിന്റെ ഭാര്യ തങ്കമ്മ ജോൺ (79) നവംബർ 3 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. തുമ്പമൺ കളീക്കൽ വടക്കത്തിൽ കുടുംബാംഗമാണ്. ശവസസ്കാ രം നടത്തി.

**മക്കൾ:** റീന ടിറ്റി & ടിറ്റി ജോൺ (കെന്റെകി), റെനി ജയൻ & (Late) ജയൻ ചാക്കോ (നാഗ്പൂർ)




### ബ്രദർ എം. എം. എബ്രഹാം



**പുളിക്കീഴ്:** പുളിക്കീഴ് ബ്രദറൺ അ സംബ്ലി അംഗം ബ്രദർ എം. എം. എബ്രഹാം (ബേബി-86) കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നവംബർ 18 ന് രാവിലെ 9.30 ന് സ്വവസതിയിൽ ശുശ്രൂഷ നടത്തുകയും തുടർന്ന് 12.30 ന് പുളിക്കീഴ് ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കുകയും ചെയ്തു.

**മക്കൾ:** ബ്രദർ റോയ് എബ്രഹാം, ബ്രദർ ഐ വി ജോസ്, സിസ്റ്റർ റെനി വിൽസൺ, സിസ്റ്റർ റെറ്റി ജോൺ.




## വേല തികച്ച് പ്രത്യാശാതീരത്ത്..

### എലിസബേത്ത് തോമസ്



കുട്ടികളുടെ ഇടയിലെ പ്രവർത്തന ത്തിൽ കഴിഞ്ഞ 30 വർഷങ്ങളോളം തന്റെ ഭർത്താവായ ഏബ്രഹാം തോമസ് പുല്ലാടിനോടൊരുമിച്ച് പ്രവർത്തിച്ച് കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ട പ്രിയ സഹോദരി എലിസബേത്ത് തോമസ് (ലിലിക്കുട്ടി - 70) കുട്ടികളുടെ ഇടയിലെ പ്രവർത്തനത്തിന് ഒരു വലിയ പ്രചോദനമായിരുന്നു.

1954 മാർച്ച് 15-ാം തീയതി, പുത്തൻകാവ് മടക്കൽ പീടികയിൽ കെ. കുഞ്ഞച്ചന്റേയും എലിസബേത്തിന്റേയും 2-ാമത്തെ മകളായി ജനിച്ചു. 1979-ൽ രാജസ്ഥാനിലെ ജയ്പൂരിൽ നിന്ന് ബി.എസ്.സി നേഴ്സിംഗ് പഠനം കഴിഞ്ഞ് മുംബൈയിൽ ഒരു പീഡിയാട്രിക്ക് നേഴ്സായി ജോലി ആരംഭിച്ചു.

1980 ഫെബ്രവരി 9-ാം തീയതി, പുല്ലാട് വള്ളിപ്പറമ്പിൽ ഏബ്രഹാം തോമസിന്റെ ഭാര്യയായി കുടുംബ ജീവിതം ആരംഭിച്ചു. അതിനുശേഷം, അബുദാബി ഇന്റർനാഷണൽ എയർപോർട്ടിൽ ജോലി ചെയ്തിരുന്ന തന്റെ ഭർത്താവിനോടൊപ്പമായിരിക്കുവാൻ അബുദാബിയിലേക്കു കടന്നുപോയി. കൃപയാൽ അധികം താമസിക്കാതെ അവിടെ യു.എ.ഇ ഡിഫെൻസ് ഹോസ്പിറ്റലിൽ ഒരു ജോലി ലഭിച്ചു. അവിടെയും ഒരു പീഡിയാട്രിക്ക് നേഴ്സായി ചിൽഡ്രൻസ് വാർഡിൽ ജോലി ചെയ്തു. 1991 അവർക്ക് കുടുംബമായി ഇൻഡ്യയിലേക്ക് കുട്ടികളുടെ ഇടയിലെ പ്രവർത്തനത്തിനായുള്ള വിളിയുണ്ടായി. 5 വർഷത്തോളം അവർ കുടുംബമായി, ഈ വിളിയുടെ സ്ഥിരീകരണത്തിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഇത്രയും നാളുകൾ കുട്ടികളുടെ ശാരീരിക ആരോഗ്യത്തിനായി പ്രവർത്തിച്ചു. ഇനിയുള്ള നാളുകൾ "എന്തുകൊണ്ട് അവരുടെ ആത്മരക്ഷക്കായി പ്രവർത്തിച്ചു കൂടാ" എന്ന വെല്ലുവിളി ഏറ്റെടുത്തു കൊണ്ട് അവർ കുടുംബമായി കർത്താവിന്റെ വിളി കേട്ട് 1996 മെയ് 1-ാം തീയതി അവിടുത്തെ വേലക്കായി കുടുംബമായി ഇൻഡ്യയിലേക്ക് കടന്നു പോയി.

വയൽ വളരെ വിശാലമായിരുന്നു. അന്നേവരെ കുട്ടികളുടെ ഇടയിലെ പ്രവർത്തനത്തിന് മാത്രമായി ആരും ഇറങ്ങിയിട്ടില്ലാത്ത ആ പ്രത്യേക വയലിലേക്ക് തന്റെ ഭർത്താവിനോടൊപ്പം കൊച്ചു കൂട്ടുകാർക്ക് കർത്താവിനെ കാണിച്ചു കൊടുക്കുവാൻ പ്രിയ സഹോദരിയും ഇറങ്ങിത്തിരിച്ചു.

ചൈൽഡ് ഇവാൻജലിസം ഫെലോഷിപ്പ് എന്ന സംഘടനയിൽ നിന്നു ലഭിച്ച ട്രെയിനിംഗ് ഈ വേലയ്ക്ക് ഒരു വലിയ മുതൽക്കൂട്ടായിരുന്നു. അതിനുശേഷം ഇൻഡ്യയുടെ വിവിധ സ്റ്റേറ്റുകളിലും കേരളത്തിലെ വിവിധ സ്ഥലങ്ങളിലും കടന്നുപോയി സഹോദരി സഹോദരന്മാർക്ക് ട്രെയിനിംഗ് കൊടുക്കുവാനും അനേകം കുഞ്ഞുങ്ങളെ കർത്താവിനു വേണ്ടി നേടുവാനും കർത്താവ് ഈ കുടുംബത്തെ എടുത്തുപയോഗിച്ചു. പലപ്പോഴും കടന്നു ചെല്ലുവാനുള്ള യാത്രാ ബുദ്ധിമുട്ട് ഗണ്യമാക്കാതെയും, ശാരീരിക ക്ഷീണം വകവെക്കാതെയും പ്രിയ സഹോദരി കർത്താവിനു വേണ്ടി വേല ചെയ്തു. അനേകം കുഞ്ഞുങ്ങളെ കർത്താവിനുവേണ്ടി നോടുവാൻ കഴിഞ്ഞു. "ചൈൽഡ് ഇവാൻജലിസം മിഷൻ"ന്റെ പിൻമ്പിൽ, സ്കൂൾ മിനിസ്റ്റ്രി, ചിൽഡ്രൻസ് ക്ലബുകൾ, ചിൽഡ്രൻസ് ഫെസ്റ്റ്(വി.ബി.എസ്) ടീച്ചേഴ്സ് ട്രെയിനിംഗ് എന്നിവ അവയിൽ ചിലതുമാത്രം.

ഇതിനോടകം പ്രിയ സഹോദരി കടുത്ത പ്രമേഹ രോഗിയായി കഴിഞ്ഞിരുന്നു. 2000-ൽ പ്രിയ കുടുംബം തൃശ്ശൂരിൽ വെച്ച് വാഹനാപകടത്തിൽപ്പെടുവാനിടയായി. പിന്നീട് സഹോദരിക്കുണ്ടായ ഗുരുതരമായ രോഗങ്ങൾ ആരോഗ്യപരമായ പ്രതിസന്ധിയിലേക്ക് നയിച്ചു. എന്നാൽ പ്രതിസന്ധികളെ അവസരങ്ങളായി കണ്ടെത്തുവാൻ പ്രിയ കുടുംബത്തിനിടയായി.

ഏതാണ്ട് 7 മാസങ്ങൾക്ക് മുൻപ് കണ്ടുപിടിക്കപ്പെട്ട ക്യാൻസർ രോഗം, പ്രിയപ്പെട്ടവളുടെ ശരീരത്തെ കാർന്നുതിന്നുകൊണ്ടിരുന്നു. എങ്കിലും അതോടൊപ്പം വേല തുടർന്നുകൊണ്ടേയിരുന്നു.ഇതിനിടയ്ക്ക് തന്റെ വലതുഭാഗത്തെ കിഡ്നി മുറിച്ചു മാറ്റേണ്ടി വന്നു. ഇതിനോടകം കാൻസറിന്റെ അക്രമണം ശക്തമായി. തന്റെ എല്ലാ ആന്തരിക അവയവങ്ങളിലും അസ്ഥികളിലും അതു പടർന്നുപിടിച്ചു. യാതൊരു ചികിത്സയും ഫലിക്കാതെയായി. 2024 നവംബർ 13 ബുധനാഴ്ച രാവിലെ 8 മണിക്ക്, സഹോദരി ഉണർന്നു. അല്പം ശ്വാസ തടസ്സം ഉണ്ടായിരുന്നെങ്കിലും തക്ക സഹായിയായിരുന്ന സഹോദരി സിസിലി ചോദിച്ചപ്പോൾ ഒരു കാപ്പി കുടിക്കുവാൻ താല്പര്യപ്പെട്ടു. സിസിലി തന്നെ അത് പിടിച്ചു കൊടുത്തു. മുഴുവൻ കാപ്പിയും കുടിച്ചു. ഇനിയും ഒന്നു കിടക്കണമെന്നു പറഞ്ഞു. തന്റെ ഭർത്താവും സിസിലിയും ചേർന്ന് പിടിച്ച് ബെഡിൽ കിടത്തി. അല്പ സെക്കന്റുകൾക്കുള്ളിൽ ശാന്തമായ നിലയിൽ സഹോദരി ആ പ്രത്യാശാതീരമണഞ്ഞു. ദൈവം പ്രിയ കുടുംബത്തിന് നൽകിയ മക്കൾ ഡാലിയയും ഡോണും, അവർ ഇരുവരും തങ്ങളുടെ കുടുംബങ്ങളോടൊപ്പം സുവിശേഷ പ്രവർത്തനത്തിൽ വളരെ നിർണ്ണായകമായ പങ്കുവഹിക്കുന്നവരാണ്. അയർലൻഡിൽ ഉള്ള ഡാലിയയും കുടുംബവും (ഗോഡ്ലീ, ഹാന, സേറ) അവിടെയുള്ള സ്ഥലം സഭയ്ക്ക് വളരെ അനുഗ്രഹമാണ്. അവിടെയുള്ള കുഞ്ഞുങ്ങളുടെ മധ്യത്തിലെ മിനിസ്ട്രിയിൽ അവർക്ക് വലിയ പങ്ക് വഹിക്കുവാൻ കഴിയുന്നുണ്ട്.
മകൻ ഡോണും കുടുംബവും (ഫേബ, ജസീക്ക) ഇപ്പോൾ ഉള്ളത് ബഹറിനിൽ ആണ്.

അവിടെയുള്ള സി.ഇ.എഫ്. പ്രവർത്തനങ്ങൾക്കും കുട്ടികളുടെ മധ്യത്തിലെ മറ്റു പ്രവർത്തനങ്ങൾക്കും വളരെ അനുഗ്രഹിക്കപ്പെട്ട നേതൃത്വമാണ് ഡോണും കുടുംബവും നൽകിക്കൊണ്ടിരിക്കുന്നത്. ഗൾഫിലെ പല രാജ്യങ്ങളും സന്ദർശിച്ച് വേണ്ടുന്ന ട്രെയിനിങ്ങും ലിറ്ററേച്ചറും നൽകുവാൻ ഡോൺ വളരെ ശ്രദ്ധാലുവാണ്. തന്റെ രണ്ടു കുഞ്ഞുങ്ങളും അവരുടെ കുടുംബങ്ങളും കർത്തൃശുശ്രൂഷയിൽ ശോഭിക്കുന്നു എന്നുള്ളതായിരുന്നു പ്രിയപ്പെട്ടവർക്ക് ഏറ്റം സന്തോഷം.

കഴിഞ്ഞ വർഷം ഈ രണ്ടു രാജ്യങ്ങളിലും കടന്നുപോകുവാനും അവരുടെ ശുശ്രൂഷകൾ നേരിൽ കാണുവാനും കർത്താവ് അവസരമൊരുക്കി.
"മതി മകളെ, നിന്റെ ശുശ്രൂഷ നീ തികച്ചിരിക്കുന്നു. ഇനി വിശ്രമിച്ചു കൊള്ളുക" എന്ന കർത്തൃവിളിയിങ്കൽ സഹോദരി പറന്നു പോയി. ഏറ്റം മാതൃകാ പൂർണ്ണമായ ഒരു ജീവിതം നയിക്കുവാൻ ഇടയാക്കിയ ദൈവത്തിനു സ്തോത്രം. നമുക്കു നമ്മുടെ വേല തുടരാം. ഉത്സാഹത്തോടെ. മടുപ്പില്ലാതെ. ഈ സഹോദരിയുടെ പ്രത്യാശ നിങ്ങൾക്കുണ്ടോ? യേശുക്രിസ്തുവിനെ രക്ഷകനായി ഹൃദയത്തിൽ സ്വീകരിച്ച് നിത്യരക്ഷയുടെ അംശിളായിത്തീരുവാൻ കർത്താവു നിങ്ങളെ സഹായിക്കട്ടെ.

# പ്രാർത്ഥന – സഹായം

# കർത്താവിന്റെ വീണ്ടും വരവ്

ലേഖനം



ലാൽജി മുക്കൂർ

കർത്താവിന്റെ വീണ്ടും വരവ് എത്ര മാത്രം പ്രാധാന്യം അർഹിക്കുന്നു എന്ന് നമ്മോടു വിളിച്ചറിയിക്കുകയാണ് ഈ ഭാഗങ്ങൾ എല്ലാം.പുതിയ നിയമത്തിലെ ഓരോ എഴുത്തുകാരനും യേശുക്രിസ്തുവിന്റെ പുനരാഗമനത്തെ കുറിച്ച് എഴുതിയിട്ടുണ്ട്.കർത്താവായ യേശു ക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ തെളിവുകൾ പ്രധാനമായും ആറു വ്യത്യസ്ത നിലകളിൽ നമുക്കു ചിന്തിക്കുവാൻ കഴിയും.

**1. പഴയ നിയമ പ്രവാചകന്മാരുടെ സാക്ഷ്യം:**

1 പത്രൊ 1.10, 11, 12 "നിങ്ങൾക്കു വരാനിരിക്കുന്ന കൃപയെക്കുറിച്ചു പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷയെ ആരാഞ്ഞ് അന്വേഷിച്ചിരുന്നു. അവരിലുള്ള ക്രിസ്തുവിൽ ആത്മാവു ക്രിസ്തുവിനു വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുമ്പിൽ കൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങിനെയുള്ളതോ എന്തു പ്രവാചകന്മാർ ആരാഞ്ഞു നോക്കി, തങ്ങൾക്കായിട്ടല്ല നിങ്ങൾക്കായിട്ടത്രേ തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നു എന്ന് അവർക്കു വെളിപ്പെട്ട്; ദാനിയേൽ 7:13 "മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു."

കർത്താവായ യേശു ക്രിസ്തുവിന്റെ പുനരാഗമനത്തെ കുറിച്ചു പഴയനിയമ പ്രവാചകനായ ദാനീയേൽ കാണുന്ന ദർശനമാണിത്. സുവിശേഷത്തിൽ കർത്താവിനെ മനുഷ്യപുത്രൻ എന്ന് പലഭാഗത്തും പറയുന്നതു വായിക്കുവാൻ കഴിയുന്നു. ലൂക്കോസ് 6.5 മർക്കോസ് 11-33.45 സഖര്യാവു 14:4 "അന്നാളിൽ അവന്റെ കാൽ യെരു ശലേമിനെതിരെ കിഴക്കുള്ള ഒലിവു മലയിൽ നിൽക്കും ഒലിവു മല കിഴക്കു പടിഞ്ഞാറായി നടുവെ പിളർന്നു പോകും ഏറ്റവും വലിയൊരു താഴ്വര ഉളവായിവരും മലയുടെ ഒരു പകുതി വടക്കോട്ടും മറ്റേപകുതി തെക്കോട്ടും വാങ്ങിപ്പോകും.കർത്താവായ യേശു ക്രിസ്തുവിന്റെ രണ്ടാം വരവിൽ സംഭവിക്കുന്ന കാര്യങ്ങളാണ് സെവര്യാർ പ്രവാചാത്മാവിൽ സംസാരിക്കുന്നത്.കർത്താവു സ്വർഗ്ഗാരോഹണം ചെയ്തത് ഈ ഒലിവു മലയിൽ നിന്നായിരുന്നു. അപ്പൊ. പ്രവൃത്തി1.12 "അവർ യെരുശലേമിന് സമീപത്ത് ഒരു ശബ്ബത്ത് ദിവസത്തെ വഴി ദൂരമുള്ള ഒലിവ് മല വിട്ടു യെരുശലേമിലേക്കു മടങ്ങിപ്പോന്നു.കർത്താവിന്റെ ഒന്നാമത്തെ വരവിനെ കുറിച്ച് അനേകം പ്രവചനങ്ങൾ പഴയ നിയമ പ്രവാചകന്മാർ പ്രവചിച്ചിരിക്കുന്നത് അതുപോലെ സംഭവിച്ചതു നാം കണ്ടു, കർത്താവിന്റെ വീണ്ടും വരവിനെ കുറിച്ചും പ്രവാചകന്മാർ പ്രവാചിച്ചിരിക്കുന്ന പ്രവചനം അതുപോലെ നിവർത്തിയാകും.

**2) കർത്താവായ യേശുക്രിസ്തു തന്നെ പറഞ്ഞിരിക്കുന്നു:**

യോഹ 14:3 "ഞാൻ നിങ്ങൾക്കും സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും." മാളിക മുറിയിൽ കർത്താവു തന്റെ ശിഷ്യന്മാരുമായി അന്ത്യ അത്താഴത്തിനു കൂടി വന്നപ്പോൾ അവരോടു പറയുന്ന കാര്യങ്ങളാണ്.

(തുടരും)

## ക്രിസ്തുവിൽ സ്നേഹവന്ദനം

**മൂലമറ്റം:** കഴിഞ്ഞ 14 വർഷമായി ഞങ്ങൾ മൂലമറ്റത്ത് വാടക ബിൽ ഡിംങ്ങിൽ സഭയായി കർത്താവിനെ ആരാധിച്ചു വരികയായിരുന്നു. കൃപയാൽ മൂലമറ്റത്തു പുതുതായി പണികഴിഞ്ഞ വീട്ടിൽ ഇപ്പോൾ സഭയായി കർത്താവിനെ ആരാധിച്ചു വരുന്നു. വിശ്വസ്തതയോടെ.

ക്രിസ്തുവിൽ ഷാജിമോൻ. പി. എസ്.

## പ്രാർത്ഥനയ്ക്കും സഹകരണത്തിനും

**കർത്താവിൽ പ്രിയ ദൈവജനമേ,**

ഈ കത്തിൽ പരിചയപ്പെടുത്തുന്ന സഹോദരൻ-സാബു വർഗ്ഗീസ് വിശ്വാസജീവിതത്തിൽ 35 വർഷത്തോളമായി തുടർന്നുവരുന്നു. സഹോദരനും ഭാര്യയും മക്കളും അടങ്ങുന്ന കുടുംബം മൂലമറ്റം ബ്രദറൺ സഭയിൽ കർത്താവിനെ ആരാധിച്ചു വരുന്നത്. കൂടാതെ സഭയുടെ ആത്മമീയ പ്രവർത്തനങ്ങളിൽ സജീവ പ്രവർത്തകരുമാണ്. തനിക്ക് സ്വന്തമായി താൽക്കാലികവാസത്തിനു ഒരു വീടില്ല. വാടക വീട്ടിലാണ് താമസം. ആയതിനാൽ സഹോദരന്റെ കൈവശത്തിൽ ഉള്ള 5 സെന്റ് സ്ഥലത്തിൽ 700 സ്ക്വയർ ഫീറ്റ് ഉള്ള ഒരു ഭവനം പണിയുവാൻ കർത്താവിൽ ആശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. എന്നാൽ അതിനാവശ്യമായ സാമ്പത്തിക ഭദ്രത ഇല്ലാത്തതിനാൽ, സഹോദരന്റെ ഈ ആവശ്യത്തിനുമേൽ ഏകദേശം 15 ലക്ഷം രൂപ ചിലവ് വരുമെന്നതിനാൽ ദൈവജനം പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യണമെന്ന് ദൈവനാമത്തിൽ അഭ്യർത്ഥിക്കുന്നു. വിശ്വസ്തതയോടെ മൂലമറ്റം ബ്രദറൺ സഭയ്ക്കുവേണ്ടി സഹോദരന്മാർ ഒ. എൻ രഘു , ജിജോ വർഗ്ഗീസ്, ഷാജിമോൻ പി. എസ്.

## വിശ്രമനാട്ടിൽ

**രീതി:** ഒന്നേയുള്ളെനിക്കാനന്ദമുലകിൽ......

സ്വർഗ്ഗം വെടിഞ്ഞീധരണിയിൽ നരനായ്
എന്നെയും തേടി വന്ന നാഥാ-(2)
വിണ്ണിലെ വാസം എനിക്കായ് നൽകാൻ
ദാസരൂപം വഹിച്ചെന്റെ നാഥാ..(2)
അകലം വിട്ടു ഞാൻ അലഞ്ഞൊരുനേരം
അരികെ വന്നെന്നെ അണച്ചിവനെ.....(2)
അതിരില്ല സ്നേഹത്താൽ കുരിശെടുത്തെന്നിൽ
ആത്മരക്ഷ നിത്യം പകർന്ന പരാ....(2)
സ്വർഗ്ഗം.....
ഉലിനത മാറ്റിയെൻ അകമെ ദിനവും
മഹിളയിൽ വസിക്കുമെൻ യേശുനാഥാ...(2)
മന്നിലെ പാപ മാർഗ്ഗങ്ങളെല്ലാം
മാറ്റുവാൻ നിൻകൃപ തരിക പരാ...(2)
സ്വർഗ്ഗം....
കാട്ടൊലിവിൽ ശാഖയായിരുന്നെന്നെ
നല്ലൊലിവിൽ കൂട്ടി ചേർത്തവനെ.....(2)
പിരിയാ ബന്ധമായ് എനിക്കെന്റെ നാഥാ
വീണുവണങ്ങി ഞാൻ സ്തുതിച്ചിടുന്നു....(2)
സ്വർഗ്ഗം....
ഒരുനാൾ എത്തുമെൻ വിശ്രമ നാട്ടിൽ
എനിക്കായ് ഒരുക്കിയ വിൺഗേഹത്തിൽ..(2)
അന്നു ഞാൻ നാഥ നിൻ പൊൻമുഖം കാണും
ആ പാദമുറിവിൽ ചുംബിച്ചിട്ടും...(2)
സ്വർഗ്ഗം...

**സന്തോഷ് വേദകൂടാരം**





Collection of 166 Christian Songs


# GMI NEWS

“സഹോദരന്മാരേ (സ്തെഫനാസിന്റെ ഭവനത്തെ നിങ്ങൾ അറിയുന്നു, അത് ആദ്യത്തെ ഫലമാണെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. അച്ചായാ, അവർ വിശുദ്ധന്മാരുടെ ശുശ്രൂഷയിൽ തങ്ങളെ ത്തന്നെ ആസക്തരാക്കി) എന്ന് നിങ്ങൾ അത്തരക്കാർക്കും ഞങ്ങളെ സഹായിക്കുകയും അദ്ധ്വാനിക്കുകയും ചെയ്യുന്ന എല്ലാവർക്കും നിങ്ങളെത്തന്നെ സമർപ്പിക്കുക. 1 കൊരിന്ത്യർ 16:15-16

**അച്ചായയിലെ ആസക്തി റോയ് ജോസഫ്, എക് സിക്യൂട്ടീവ് ഡയറക്ടർ**

ചരിത്രപരവും ബൈബിൾ പരവു മായ പ്രാധാന്യമുള്ളതിനാൽ ഒരു പ്രമുഖ പ്രദേശമായ അച്ചായ ആധുനിക- ദിവസം തെക്കൻ ഗ്രീസ്. ചരിത്രത്തിലെ ഒരു കാലത്ത് അച്ചായ റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. റോം മാസിഡോണിയ പ്രവിശ്യക്കു ള്ളിൽ അച്ചായ സംയോജിപ്പിച്ചു. പ്രകൃതി വിഭവങ്ങൾക്ക് പേരുകേട്ടതായിരുന്നു അച്ചായ ചെമ്പ്, വെള്ളി, കൃഷി തുടങ്ങിയവ. ബൈബിൾ വിവരണത്തിൽ അച്ചായയ്ക്ക് ഒരു നിർണായക സ്ഥാനമുണ്ട്. അപ്പോസ്തലനായ പൗലോസ് തന്റെ രണ്ടാമത്തെ മിഷനറി യാത്രയിൽ (പ്രവൃത്തികൾ 18:1) അഖായ നഗരത്തിൽ താമസിച്ചു. ഏകദേശം 18 മാസം റോമർ 15:26- ൽ, അഖായയിലെ വിശ്വാസികളെ പൗലോസ് അഭിമനന്ദിക്കുന്നു യെരൂശലേമിലെ പാവപ്പെട്ട വിശുദ്ധന്മാരോടുള്ള ഉദാരത. എന്നാൽ മേൽപ്പറഞ്ഞ ഭാഗത്ത 1 കൊരിന്ത്യർ 16:15-16 മുതൽ നാം വായിക്കുന്നു. പൗലോസ് അവരുടെ ആസക്തിയെക്കുറിച്ച് എഴുതുന്നു. വിശുദ്ധരു ടെ ശുശ്രൂഷ പെട്ടെന്ന് എന്റെ ശ്രദ്ധ ആകർഷിച്ചു. നാം ജീവിക്കുന്നത് എല്ലാ തര ത്തിലുമുള്ള പീഡിത ലോകത്താണ് ആസക്തികൾ. വിശ്വാസികൾ പോലും അതിൽ നിന്ന് മുക്തരല്ല. ചിലർ മദ്യത്തിന് അടിമകളാണ്, ചിലർ മയക്കുമരുന്നിന് അടിമകളാണ് അശ്ലീലസാഹിത്യം, ചില കായിക വിനോദങ്ങൾ, ലിസ്റ്റുകൾ അങ്ങനെ നീളുന്നു. എന്നാൽ അച്ചായയിലെ വിശുദ്ധന്മാർ അതിന് അടിമകളായിരുന്നു വിശുദ്ധന്മാരുടെ ശുശ്രൂ ഷ. യെരൂശലേമിലെ പാവപ്പെട്ട വിശുദ്ധന്മാർക്ക് കൊടുക്കുന്നന്തിൽ അവർ വളരെ ഉദാരമതികളാണ്. എന്ത് ഞങ്ങൾക്ക് ശ്രദ്ധേയമായ ഉദാഹരണം!

ഇന്ത്യയിലെ പാവപ്പെട്ട സന്യാസിമാരിൽ നിന്ന് നൂറുക ണക്കിന് അപേക്ഷകൾ ഞങ്ങൾക്ക് ലഭിക്കുന്നു. ചിലർ പണിയാൻ സഹായം അഭ്യർ ത്ഥിക്കുന്നു “രാജാവ് ഉത്തരം പറഞ്ഞു നിങ്ങളോട് പറയും. എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തു, നിങ്ങൾ എനിക്കു ചെയ്തു തന്നു. മത്തായി 25:40

**ജംതാര മെഡിക്കൽ മിഷൻ റിപ്പോർട്ട് ജോർജ്ജ് പി ജോൺ**

ബംഗാൾ ബൈബിൾ പരിശീലനമാണ് വാർ ഷിക മെഡിക്കൽ മിഷൻ ക്യാമ്പ് ഏകോ പിപ്പിച്ച് സംഘടിപ്പിച്ചത് ജാർഖണ്ഡിലെ ജംതാരയിലുള്ള ഇൻസ്റ്റിറ്റ്യൂട്ട്/ എഡ്വേർഡ്സ് ഇംഗ്ലീഷ് സ്കൂൾ. ധാരാളം മെഡിക്കൽ പ്രൊഫഷണലുകൾ 20 ഡോക്ടർമാരും കുറച്ച് നഴ്സുമാരും സാങ്കേതിക വിദഗ്ധരും ഉൾപ്പെടെ 40 ലധികം നോൺ-മെഡിക്കൽ വോളണ്ടി യർമാരും എത്തി. 2024 ഒക്ടോബർ 28 മുതൽ 2024 നവംബർ 1 വരെ ഒരുമിച്ച്. സുവിശേഷകരുടെ ഒരു സംഘം ക്യാമ്പിന്റെ ലോജിസ്റ്റിക് ആവശ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും ജംതാര മുൻകൈയെടുത്തു. ഇതിൽ ഉൾപ്പെടുന്നു യുഎസിൽ നിന്നുള്ള പതിമൂന്ന് വ്യക്തികൾ ഉൾപ്പെടെ പുറത്തുനിന്നുള്ള 30-ലധികം സന്ദർശക ർക്കുള്ള താമസ സൗകര്യം, മരുന്നുകൾ, വിമാനത്താവളത്തിലേക്കും പ്രാദേശിക പ്രദേ ശങ്ങളിലേക്കും ഗതാഗതം. നിർദിഷ്ട ആശുപത്രി സ്ഥലത്ത് മൂന്ന് വലിയ പന്തലുകൾ സ്ഥാപിച്ചു. അഞ്ച് ദിവസത്തെ കാലയളവിൽ, കഴിഞ്ഞു സമീപ ഗ്രാമങ്ങളിൽ നിന്ന് 1500 രോഗികൾ എത്തി.

മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി, കുറച്ച് പോലും ഉണ്ടായിരുന്നു അ ത്യാഹിത രോഗികൾ ഡോ. അനിൽ പ്രൊഫഷണലായി പരിപാലിക്കുന്നു ഒഹായോയിൽ നിന്നുള്ള പോൾ മറ്റുള്ളവര ുടെ സഹായത്തോടെ. ഓരോ രോഗിക്കും പുതിയത് നൽകി അവരുടെ സ്വന്തം ഭാഷയിൽ ടെസ്റ്റമെന്റ് ബൈബിൾ സുവിശേഷ ലഘുലേഖകൾക്കൊപ്പം. കർത്താവേ -സന്നദ്ധത, ആസൂത്രണം ചെയ്ത ആശുപത്രി നിർമ്മാണം (ഘട്ട 1) ഇതിനുള്ളിൽ ആരം ഭിക്കും മൂന്ന് ആഴ്ച. പ്രാഥമിക കണക്കാ ക്കിയ സമയം 2025 ജൂലൈയിൽ ജോലി പൂർത്തിയാക്കുക. അനേകം വിശ്വാസികളോട് ഞങ്ങൾ നന്ദിയുള്ളവരാണ് മുന്നിട്ടിറങ്ങു കയും സംഭാവന നൽകുകയും ചെയ്തു നിർമ്മാണ ചെലവിലേക്ക്. ഞങ്ങൾക്ക് എത്താൻ ഇനിയും ഫണ്ട് ആവശ്യമാണ് കണക്കാക്കിയ ലക്ഷ്യം $ 400,000. ഞങ്ങളും ആദ്യത്തേതിന് നിങ്ങളുടെ ഉദാരമായ പിന്തുണ ആവശ്യമാണ് -കണക്കാക്കിയ വർഷത്തെ പ്രവർത്തന ചെലവ് ഏകദേശം $ 160,000 ആയിരിക്കും. തുടർന്നും നിങ്ങളുടെ പ്രാർത്ഥനകൾ ഞങ്ങൾ അഭ്യർത്ഥിക്കുന്നു ഈ സുവിശേഷത്തിനുള്ള സാമ്പത്തിക സഹായം ശ്രമം. സംഭാവന നൽകാൻ ആഗ്രഹിക്കുന്നവർ ഗൾഫ് രാജ്യങ്ങളിൽ നിന്ന്, ദയവായി സന്തോഷ് തോമസിനെ ബന്ധപ്പെടുക, BBTI, നേരിട്ട് അമേരിക്കയിൽ ഉള്ളവർ, കാനഡയും മറ്റ് പാശ്ചാത്യരും രാജ്യങ്ങൾ, ദയവായി സുവിശേഷവുമായി ബന്ധപ്പെടുക മിഷൻസ് ഓഫ് ഇൻഡ. മറ്റൊരു പ്രധാന കാര്യം പ്രാർത്ഥനയാണ് നമ്മൾ അന്വേഷിക്കുന്നത് പ്രതിജ്ഞാബദ്ധരായ ഡോക്ടർമാർ ഗ്രേസിൽ വന്ന് സേവിക്കുന്നു ജംതാരയിലെ മിഷൻ ആശുപത്രി. കർത്താവ് ആശുപത്രി സന്നദ്ധനാണ് പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഷെഡ്യൂൾ ചെയ്തു 2025 ജൂലൈയിലോ അതിനുശേഷമോ.

**ഡേസ്റ്റാർ ഹോം-പ്രതീക്ഷയുടെ ഒരു യാത്ര ഡോ. പി. സി. തോമസ്**

ഡേസ്റ്റാർ ഹോം ഒഡീഷയിലെ ജരാവു ഗ്രാമത്തിലാണ്. ഡേസ്റ്റാർ ഹോമിന് രണ്ടേക്കർ സ്ഥലമുണ്ട് കാമ്പസ്. പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് അവരുടെ പരിചരണം ഉറപ്പാക്കാൻ DAYSTAR Home സേവനം നൽകുന്നു. ചികിത്സ, വിദ്യാഭ്യാസം, പരിശീലനം, വികസനം, പുനരധിവാസം. ഈ വർഷം, എഡോർമിറ്ററി ആരംഭിച്ചു. താഴത്തെ നില പൂർത്തിയായി, ഒന്നാം നിലയും ഗോവണിപ്പടിയും അടുത്താണ് പൂർത്തീകരണം. ഞങ്ങൾക്ക് 6 നും 17 നും ഇടയിൽ പ്രായമുള്ള 58 കുട്ടികളുണ്ട്. ആകെയുള്ളതിൽ 51 കുട്ടികളും 38 ഗ്രാമങ്ങളിൽ നിന്നുള്ളവരാണ്. മോഹന ബ്ലോക്ക്. ഈ ഗ്രാമങ്ങളെല്ലാം പർവത പ്രദേശത്താണ്, റോഡ് കണക്റ്റിവിറ്റി തീരെയില്ല. വിദ്യാഭ്യാസ സൗകര്യങ്ങൾ, ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ. അതുകൊണ്ട് തന്നെ ഇതിലെ കുട്ടികൾക്ക് ഏറ്റവും മികച്ച പ്രതീക്ഷയാണ് ഡേസ്റ്റാർ പ്രദേശം.

നിലവിലെ താമസ സൗകര്യങ്ങൾ വിപുലീകരിക്കേണ്ടത് അടിയന്തിര ആവശ്യമാണ്. എസ്റ്റിമേറ്റ് തുക എത്രയാണ് $ 37000. ഈ നിർണായക ഘട്ടം അനാഥാലയത്തിന്റെ വർദ്ധിച്ച ആവശ്യം ഉൾക്കൊള്ളാൻ ഞങ്ങളെ സഹായിക്കും ഈ പ്രദേശവും സുവിശേഷത്തിനായി പ്രദേശത്തെ സ്വാധീനിക്കാൻ ഭയങ്കര അവസരവുമുണ്ട്. നിങ്ങളുടെ പ്രാർത്ഥനയും പിന്തുണയും ആഴത്തിൽ വിലമതിക്കപ്പെടുന്നു.

**സായി ഗാർഡൻ ഹിൽസ് പബ്ലിക് സ്കൂൾ അപ്ഡേറ്റ് അരുൺ കെ പോൾ,**

പ്രിൻസിപ്പൽ നമ്മുടെ ദൈവത്തെ അവന്റെ എല്ലാ അത്ഭുതകരമായ പ്രവൃത്തികൾക്കും ഞങ്ങൾ സ്തുതിക്കുന്നു, നമ്മെ നയിക്കുകയും ചുറ്റുപാടുകളിലും അവന്റെ മഹത്വത്തിനായി ഉപയോഗിക്കുകയും ചെയ്യന്നു മാങ്കുളം. മാങ്കുളം മിഷൻ പ്രവർത്തനത്തിന്റെ ഭാഗമാകുന്നതിന് ഞങ്ങൾ നിങ്ങളോട് നന്ദി പറയുന്നു. വാസ്തവത്തിൽ, ഈ വിദൂര പ്രദേശത്തുള്ള ആളുകളിലേക്ക് സുവിശേഷം എത്തിക്കാൻ ഒരുമിച്ച് പ്രവർത്തിക്കുന്നത് ഒരു പദവിയാണ്. സിബിഎസ്ഇ ബോർഡിന്റെ പരിശോധന നന്നായി നടന്നു. അഫിലിയേഷൻ പ്രക്രിയ തുടരുന്നു.

## ലഹരി വിരുദ്ധ വിളമ്പരവും ബോധവൽക്കരണവും

ഏബനെസർ ക്രിസ്ത്യൻ ബ്രദറൺ ചർച്ച്-ചിറ്റൂർ ആഭിമുഖ്യത്തിൽ ആത്മരക്ഷ എങ്ങനെ പ്രാപിക്കാം. ലഹരിയിൽ നിന്ന് മുക്തിനോടുവാൻ മാർഗ്ഗം എന്ത്....! 2025 ജനുവരി 11, 12 തിയതി കളിൽ വൈകിട്ട് 6 മണി മുതൽ 8 മണി വരെ സുവിശേഷകൻ സാമുവേൽ P എബ്രഹാം- കോട്ടേക്കുളം, സുവിശേ ഷ കൻ V.J. മാത്യു-നിലമ്പൂർ എന്നിവർ പ്രസംഗിക്കുന്നു. സ്നേഹപുരസ്സരം ഏവരേയും ദൈവനാമത്തിൽ സ്വാഗതം ചെയ്തു കൊള്ളുന്നു.

INVITATION






SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

യേശുവിന്റെ ജീവവചനം
YESUVINTE JEEVAVACHANAM

Date of Publications : 25.11.2024
RNI Reg. No. KERMAL/2012/42077
Postal Reg.No:KL/TLA/236/2024-26
Licence No :KL/TLA/WPP/192/2024-26

അക്ഷരത്തിലൂടെ ആത്മാക്കൾ

# മണിപ്പൂരിൽ പുതിയ സ്കൂൾ, ദൗത്യമേറ്റെടുത്ത് സത്യം മിനിസ്ട്രീസ്

**മണിപ്പൂർ:** സത്യം മിനിസ്ട്രീസ് കുക്കി സ്റ്റുഡന്റ്സ് ഓർഗനൈസേഷന്റെ (KSO) സഹനകരണത്തോടെ മണി രപ്പൂരിൽ പുതിയ സ്കൂൾ ആരം ഭിക്കുന്നു. ഒക്ടോബർ രണ്ടാം വാര ത്തോടെ കേരളത്തിൽ നിന്നും മണി പ്പൂർ CWCയുടെ നേതൃത്വത്തിൽ മണിപ്പൂ രിലേക്കു മടങ്ങിപ്പോയ കുട്ടി കൾക്കു വേണ്ടിയാണ് അവരുടെ ജന്മനാട്ടിൽ സത്യം മിനിസ്ട്രീസ് പുതിയ സ്കൂൾ തുട ങ്ങുന്നത് ഇന്ത്യ യുടെ വടക്കുകി ഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ 2023 മേയിൽ ആരംഭിച്ച കലാപ ത്തിന്റെ ആദ്യഘട്ടം മുതലുള്ള ദുരിതാശ്വാസ പ്രവർത്ത നങ്ങളും സഹാ യങ്ങളും സത്യം മിനിസ്ട്രീസ് തുടർ ന്നുകൊണ്ടിരിക്കു കയാണ്. സെപ്റ്റംബർ 7 ന് വീണ്ടും സംഘർഷമുണ്ടാ യതി നെത്തുടർന്ന് ഗുരുതര പ്രത്യാ ഘാത ങ്ങളുണ്ടായ പ്രദേശങ്ങളിൽ സമാധാനവും പ്രത്യാശയും പുനഃസ്ഥാ പിക്കാൻ കിണഞ്ഞു പരിശ്രമിച്ചുകൊ ണ്ടിരിക്കു കയാണ് സത്യം മിനിസ്ട്രീ സിന്റെ റിലീഫ് ടീം. ഏറെ വെല്ലുവി ളികൾ നിറഞ്ഞ ദൗത്യമാണ് മിനി സ്ട്രീസ് ഏറ്റെടുത്തു നടത്തിവരുന്നത്. മണി പ്പൂരിലെ കുട്ടി കളുടെ വിദ്യാ ഭ്യാസവും ഭാവിയും ലക്ഷ്യ മിട്ടുകൊ ണ്ടു സത്യം മിനിസ്ട്രീസ് മുൻക യ്യെടുത്ത് പല പ്രവ ർത്തനങ്ങൾക്കും ഒട്ടേറെ തടസ്സങ്ങൾ നേരിട്ടിരുന്നേങ്കിലും അതിനെയൊക്കെ മറികടക്കാൻ കഴിഞ്ഞു. സഹായ സഹകരണങ്ങ ളുമായി സത്യം മിനിസ് ട്രീസി നോടു ചേർന്നുനിന്ന എല്ലാവ രോടും കടപ്പാടും നന്ദിയുമുണ്ട്. സഹാ യങ്ങൾ തുടരു ന്നതിനായി എല്ലാ വരുടേയും പിന്തുണയും പ്രാർ ത്ഥനയും വീണ്ടും പ്ര തീക്ഷിക്കുന്നു.

**താങ്കൾ ഒരു കൃതി എഴുതിവച്ചിട്ടുണ്ടോ?**
എഴുതുവാൻ താത്പര്യമുണ്ടോ?
സഹായിക്കാൻ ഞങ്ങൾ ഉള്ളപ്പോൾ
എന്തിനു വിഷമിക്കുന്നു.
ഉടൻ ബന്ധപ്പെടുക.

സത്യം പബ്ലിക്കേഷൻസ് Mob: 9447126182

# ഗോസ്പൽ മിഷൻസ് ഓഫ് ഇന്ത്യക്ക് പുതിയ നേതൃത്വം

GMI യുടെ ദൈനംദിന അഡ്മിനിസ്ട്രേഷൻ ഉത്തരവാദിത്തങ്ങൾ വളരെ വേഗം മാറും, GMI ഓഫീസിലെ ഈ മാറ്റങ്ങളിലേക്ക് മാറുമ്പോൾ ഞങ്ങളുടെ ദാതാക്കൾക്കും സ്വീകർത്താക്കൾക്കും മതിയായ മുൻകൂർ അറിയിപ്പ് നൽകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ഒന്നാമതായി, കഴിഞ്ഞ 30 വർഷമായി ട്രഷററായി വിശ്വസ്തതയോടെ സേവനമനുഷ്ഠിച്ച സഹോദരൻ ഡേവിഡ് ഹാരിംഗ്ടൺ 2025 ജനുവരി മുതൽ ഈ സ്ഥാനത്തു നിന്ന് വിരമിക്കും. എന്നിരുന്നാലും, അദ്ദേഹം ബോർഡിൽ ഡയറക്ടറായും വൈസ് ചെയർമാനായും സേവനം തുടരും. വർഷങ്ങളായി അദ്ദേഹം ചെയ്ത സേവനത്തിനും ശുശ്രൂഷയിൽ തുടരാനുള്ള അവന്റെ സന്നദ്ധതയ്ക്കും ഞങ്ങൾ അദ്ദേഹത്തോട് നന്ദി പറയുന്നു.

രണ്ടാമതായി, സഹോദരി സൂസൻ ഹാരിംഗ്ടൺ തന്റെ ഭർത്താവ് ഡേവിഡ് ഹാരിംഗ്ടണിനൊപ്പം ഓഫീസ് മാനേജരായി തുടർച്ചയായി ജോലി ചെയ്തു, അവരും 2025 ജനുവരി മുതൽ വിരമിക്കും. സൂസന്നയും ഒരു സന്നദ്ധപ്രവർത്തകയായി സേവനം തുടരും.



ജി എം ഐ ഓഫീസിന്റെ ദൈനംദിന ചുമതലകൾ ആര് ഏറ്റെടുക്കും? GMI ഡയറക്ടർഡമാരിൽ ഒരാളായ ജോസഫ് രാജു, ദാതാക്കളുമായും സ്വീകർത്താക്കളുമായും ദൈനംദിന ആശയവിനിമയം തുടർന്നും നൽകും, നിലവിലെ എക്സിക്യൂട്ടീവ് ഡയറക്ടർ റോയ് ജോസഫ് സഹോദനെ സഹായിക്കും. ആവശ്യമുള്ളിടത്തെല്ലാം രാജു വർഷങ്ങളായി ബോർഡ് അംഗമാണ് റോയ്. അക്കൗണ്ടിംഗിൽ ബിരുദം നേടിയ അദ്ദേഹം ഒരു അന്താരാഷ്ട്ര കമ്പനിയിൽ ആ പദവിയിൽ ജോലി ചെയ്യുന്നു. അദ്ദേഹവും കുടുംബവും വർഷങ്ങളായി മിഷിഗനിലെ സ്റ്റെർലിംഗ് ഹൈറ്റ്സിലെ ലേക്സൈഡ് ബൈബിൾ ചാപ്പലിൽ ഫെലോഷിപ്പിലാണ്.



**ട്രഷറർ:**

ഡേവിഡിനൊപ്പം അസിസ്റ്റന്റ് ട്രഷററായി സേവനമനുഷ്ഠിക്കുന്ന ബ്രദർ ജേക്കബ് തോമസിന് ട്രഷററായി ചുമതലയേൽക്കും. അദ്ദേഹം അക്കൗണ്ടിംഗിൽ ബിരുദം നേടിയിട്ടുണ്ട്, കൂടാതെ ഇന്ത്യയുൾപ്പെടെ ലോകമെമ്പാടുമുള്ള നിരവധി രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ബൈബിൾ സ്റ്റഡി ഫെലോഷിപ്പ് ഇന്റർനാഷണലിൽ (ബി എസ് എഫ്) പ്രവർത്തിക്കുന്നു. അദ്ദേഹവും കുടുംബവും ടെക്സാസിലെ ലുബ്ബോക്കിലുള്ള ഫ്രീവേ ബൈബിൾ ചാപ്പലുമായി സഹവസിക്കുന്നു. 2025 ജനുവരി മുതൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ ഞങ്ങളുടെ ദാതാക്കളോടും സ്വീകർത്താക്കളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.



**അസിസ്റ്റന്റ് ട്രഷറർ:**

ജേക്കബ് തോമസിനൊപ്പം പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ട്രഷററുടെ ചുമതല ഫ്ലോറിഡയിൽ നിന്നുള്ള ബ്രദർ പ്രസ്റ്റിൻ പ്രസാദ് ഏറ്റെടുക്കും. പ്രെസ്റ്റിൻ തൊഴിൽപരമായി CPA ആണ്. അദ്ദേഹവും കുടുംബവും ബിലീവേഴ്സ് അസംബ്ലി ഓഫ് സൗത്ത് ഫ്ലോറിഡ, ഡേവി, എഫ് എൽ എന്നിവരുമായി ഫെലോഷിപ്പിലാണ്.

യാതൊരു പ്രതിഫലവും കൂടാതെ സ്വമേധയാ കർത്താവിനെ സേവിക്കാൻ പ്രതിബദ്ധതയുള്ള ഈ ദൈവഭക്തരായ മനുഷ്യരെ ലഭിച്ചതിൽ ഞങ്ങൾക്ക് GMI യിൽ പദവിയുണ്ട്. വർഷങ്ങളായി നമ്മുടെ ശുശ്രൂഷയ്ക്ക് അവരെല്ലാം വലിയ സമ്പത്തായിരുന്നു. ഈ സഹോദരങ്ങളെ അവരുടെ പുതിയ നിയമനങ്ങളിൽ സ്വാഗതം ചെയ്യുന്നതിനുള്ള നിങ്ങളുടെ സഹായത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു.



**വാട്ട്സ് ആപ്പിൽ ജീവവചനം മാസിക ലഭിക്കാനായി**

ജീവവചനം മാസികയുടെ പി.ഡി.എഫ് വാട്ട്സാപ്പിൽ ലഭിക്കാനായി താഴെ നൽകിയിരിക്കുന്ന നമ്പറിലേക്കു ഒരു സന്ദേശമയക്കു. തികച്ചും സൗജന്യമായാണ് ഈ പി.ഡി.എഫ് ലഭ്യമാകുന്നത്.

+91 9447126182, +91 9446531555

Printed & Published by SAM.C.VADAVANA and owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagam.P.O, Thiruvalla District Pathanamthitta, Kerala and published at Thottabhagam, Thiruvalla, Yesuvinte Jeevavachanam, Thottabhagam P.O, Thiruvalla- 689541, District- Pathanamthitta, kerala.
Editor: Dr.CHACKO VARGHESE VADAVANA